# TRICHUR ARCHDIOCESAN BULLETIN

ഡിസംബർ 2025 | വാല്യം: 92 | ലക്കം: 12




യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ് (ലൂക്കാ 1, 35)

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005   Ph: 0487-2333325, 2338203, 2333542



തൃശ്ശൂർ അതിരൂപതയുടെ മദ്ധ്യസ്ഥയായ

പരിശുദ്ധ അമലോത്ഭമാതാവിന്റെ

തിരുനാൾ മംഗളങ്ങൾ

ഡിസംബർ 08

Trichur Archdiocesan Bulletin
TAB

ESTD:1934

ഡിസംബർ 2025
ലക്കം: 12 | വാല്യം: 92

12

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 09 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 12 |
| സഹായമെത്രാന്റെ പരിപാടികൾ | 14 |
| നാളാഗമം | 16 |
| നാമകരണ നടപടികൾ | 20 |
| വൈദികർ | 24 |
| സന്യസ്തർ | 26 |
| വിശ്വാസ പരിശീലനം | 32 |
| സ്ഥാപനങ്ങൾ | 37 |
| സംഘടനകൾ | 52 |



# 1 സർക്കുലർ

## പി.ഒ.സി.
## കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം

Ref: 4154/K-5/KCBC/OL/DS
08.11. 2025

## ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും

സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ, 2025ലെ ജൂബിലിയുടെ നിറവിലാണ് ആഗോളസഭ. ഡിസംബർ മുഴുവനും ബൈബിൾ പാരായണ മാസമായും ഡിസംബർ 21 ബൈബിൾ ഞായറായും ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാ സഭ 2025 ലെ ജൂബിലിയുടെ സമാപനത്തിലേക്ക് പ്രവേശിക്കുകയാണ്. ജൂബിലി വർഷത്തിന്റെയും ബൈബിൾ ഞായറിന്റെയും കേന്ദ്രവിഷയമായി നമ്മുടെ പരിചിന്തനത്തിന് വി. യോഹന്നാന്റെ ഒന്നാം ലേഖനം രണ്ടാം അധ്യായം 5-ാം വാക്യം തിരഞ്ഞെടുത്തിരിക്കുന്നു: ''അവന്റെ വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണത പ്രാപിച്ചി

രിക്കുന്നു. നാം അവനിൽ ആയിരിക്കുമെന്ന് ഇതിൽ നിന്നു നാം അറിയുന്നു.''

2025ലെ ജൂബിലിയുടെ ഒരുക്കമായി ഫ്രാൻസിസ് പാപ്പാ നല്കിയ ''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമ 5:5) എന്ന ആമുഖകത്തിൽ പ്രത്യാശയെന്നത് യേശുക്രിസ്തുവാണെന്നും, അത് അവന്റെ വചനത്തിൽ അധിഷ്ഠിതമാണെന്നും ആ വചനത്തോടു ചേർന്നു നില്ക്കലാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്നും പ്രബോധിപ്പിക്കുന്നു. ഫ്രാൻസിസ് പാപ്പായുടെ അവസാനത്തെ ഔദ്യോഗിക പ്രബോധനമായ ''അവൻ നമ്മെ സ്നേഹിച്ചു'' (Dilexit nos) എന്ന ചാക്രികലേഖനം ദൈവസ്നേഹാനുഭവത്തിൽ കേന്ദ്രീകൃതമാണ്. അതിന്റെ തുടർച്ചയെന്നോണം ലെയോ പതിനാലാമൻ പാപ്പായുടെ ''ഞാൻ നിന്നെ സ്നേഹിച്ചു'' (Dilexi te) എന്ന ആദ്യത്തെ അപ്പസ്തോലികപ്രബോധനത്തിലൂടെ മനുഷ്യ സ്നേഹം ഒരുവനിൽ ദൈവം വസിക്കുന്നതിന്റെ അടിസ്ഥാനവും ക്രൈസ്തവ ധാർമിക ദൗത്യവുമാണെന്നു പ്രഖ്യാപിക്കുന്നു. മേൽ സൂചിപ്പിച്ച മൂന്ന് പ്രബോധനങ്ങളെയും കൂട്ടിയിണക്കുന്ന സുവർണ നൂലാണ് 1 യോഹ 2: 5. വചനവും, ദൈവസ്നേഹവും, മനുഷ്യസ്നേഹവും (കൂട്ടായ്മ) ഈ വചനഭാഗത്തിന്റെ കേന്ദ്രവിഷയങ്ങളാണ്. യഥാർഥ സമ്പത്ത് പണമോ അധികാരമോ ഭൗതികവസ്തുക്കളോ അല്ല, മറിച്ച് ദൈവവുമായുള്ള ഐക്യമാണ്. ദൈവവചനമാണ് യഥാർഥ സമ്പത്ത് തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത്; അത് നമ്മെ നമ്മുടെ അയൽക്കാരിലേക്കും, ഏറെ പ്രത്യേകിച്ച് പാർശ്വവത്ക്കരിക്കപ്പെട്ടവരിലേക്കും, തിരിയാനുള്ള മാർഗദർശിയാണ്.

ദൈവവചനത്തോടു ചേർന്ന് നില്ക്കുന്നവരിൽ ദൈവം ആയിരിക്കുന്നുവെന്നും ത്രിത്വത്തിന്റെ കൂട്ടായ്മയിൽ അവർ പങ്കുചേരുമെന്നും 1 യോഹന്നാൻ 2,5 ൽ ഊന്നിപ്പറയുന്നു: ''നാം അവനിൽ ആയിരിക്കും''. ''എസ്മെൻ'' എന്ന ഗ്രീക്ക് പദത്തിനർഥം കൂടെയായിരിക്കുക, കൂടെ വസിക്കുക എന്നാണ്. കൂടെ നടക്കുന്ന കൂട്ടായ്മയുടെ (synodality), അനുഭവമാണ് ''ഞാൻ നിന്നെ സ്നേഹിച്ചു''' എന്ന തിരുവെഴുത്തിലൂടെ ലെയോ പാപ്പാ ലക്ഷ്യം വച്ചത്. തന്റെ ലേഖനത്തെയും തന്റെ മുൻഗാമിയുടെ ലേഖനത്തെയും ചേർത്ത് ലെയോ പാപ്പാ എഴുതുന്നു: ഫ്രാൻസിസ് പാപ്പാ ''അവൻ നമ്മെ സ്നേഹിച്ചു'' (DN) എന്ന ചാക്രിക ലേഖനത്തിൽ പ്രതിപാദിച്ചത് യേശുക്രിസ്തുവിന്റെ ഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ സ്നേഹത്തിന്റെ അക്ഷയ രഹസ്യമാണ്. അതിൽ 'സമൂഹത്തിലെ

ഏറ്റവും താഴ്ന്ന ശ്രേണിയിലുള്ളവരുമായി' യേശു എപ്രകാരം താതാത്മ്യപ്പെട്ടു എന്നും നാം കാണുകയുണ്ടായി; അതുപോലെ തന്നെ അവസാനംവരെ ചൊരിയപ്പെട്ട അവന്റെ സ്നേഹംവഴി എപ്രകാരം അവൻ ഓരോ മനുഷ്യ വ്യക്തിയുടെയും മാഹാത്മ്യം, ഏറെ പ്രത്യേകിച്ച് അവർ ദുർബലരും പരിഹസിതരും സഹിക്കുന്നവരും ആയിരിക്കുമ്പോഴുള്ള മാഹാത്മ്യം, ഉറപ്പിക്കുന്നു എന്ന് നാം കാണുന്നു. ക്രിസ്തുവിന്റെ സ്നേഹം നാം ധ്യാനവിഷയമാക്കുമ്പോൾ മറ്റുള്ളവരുടെ സഹനങ്ങളിലും ആവശ്യങ്ങളിലും അവരോട് കൂടുതൽ കരുതൽ ഉള്ളവരാകാനും തന്റെ വിമോചനത്തിന്റെ പ്രവൃത്തിയിൽ പങ്കുചേരുന്ന പ്രയത്നങ്ങൾ വഴിയായി തന്റെ സ്നേഹം പ്രചരിപ്പിക്കുന്ന ഉപകരണങ്ങളാകുവാനും നാം പ്രേരിതരാകുന്നു''(J. 2).

എല്ലാവർക്കും എന്നും പ്രത്യാശ പകരുന്ന യേശുക്രിസ്തുവിന്റെ വചനത്തിലേക്ക് എല്ലാവരേയും അടുപ്പിക്കുന്നതിനുള്ള ശുശ്രൂഷകളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. ദൈവവചനമാണ് ഈ കാലഘട്ടത്തിന്റെ ഉത്തരമെന്ന ആപ്തവാക്യം മനസ്സിൽ ഉരുവിട്ട് ഈ ജൂബിലി വർഷത്തിലെ ബൈബിൾ പാരായണത്തിലേക്കും, ബൈബിൾ ഞായറിലേക്കും നമുക്ക് പ്രവേശിക്കാം. ദൈവം കൂടെ വസിക്കുന്നുവെന്ന ദൈവ സ്നേഹാനുഭവത്തിലേക്ക് ദൈവവചന പാരായണ മാസത്തിലൂടെ നമുക്ക് വളരാം. ഈ സ്നേഹാനുഭവം എല്ലാവരേയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും, കൂട്ടായ്മയിലേക്കും നമ്മെ നയിക്കട്ടെ.

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വചന നിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി ഈ ജൂബിലി വർഷത്തിൽ വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. പി ഒ സി ബൈബിൾ (POC) സമ്പൂർണമായി പരിഷ്ക്കരിച്ച് ജൂബിലിയുടെ സമ്മാനമായി കേരളസഭാ മക്കൾക്കായി സമർപ്പിക്കാനും, വിപുലമായി പ്രസിദ്ധീകരിക്കാനും കഴിഞ്ഞത് അഭിമാനാർഹമായ ചരിത്രനേട്ടമാണ്. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോകത്തിലെത്തന്നെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാമായ

ലോഗോസ് ക്വിസ്സിന്റെ 25-ാം വർഷത്തിലാണ് നമ്മൾ. ബൈബിൾ പഠനം എല്ലാവരിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവി ബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾച്ചേർത്ത് ലോഗോസ് ക്വിസ് വിപുലമാക്കിയിട്ടുണ്ട്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും, കാഴ്ച പരിമിതിയുള്ളവർക്കുവേണ്ടി സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. ആഴത്തിൽ ബൈബിൾ വിജ്ഞാനം പകരുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യയായി വളർത്താനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലേക്ക് ഇപ്പോൾ നാം മുന്നേറുകയാണ്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 21-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മദ്ധ്യേലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു.

ദൈവവചന പ്രചാരണ-പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ തീർഥാടകരായി രൂപാന്തരപ്പെടുവാനും, ദൈവവചനത്തിലേക്ക് എല്ലാവരേയും നയിക്കാനും നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, ദൈവസ്നേഹാനുഭവത്തിലേക്കും എല്ലാ

വരെയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും നമ്മെ ക്ഷണിക്കുന്ന മനുഷ്യാവതാരത്തിരുന്നാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
*ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
*വൈസ് ചെയർമാൻ,*
*കെ.സി.ബി.സി,*
*ബൈബിൾ കമ്മീഷൻ*

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
*വൈസ് ചെയർമാൻ,*
*കെ.സി.ബി.സി,*
*ബൈബിൾ കമ്മീഷൻ*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി–682 025

---

NB: 2025 ഡിസംബർ 21–ാം തിയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**
**ഡിസംബർ 2025**

1 : ഇരുപത്തിയഞ്ച് നോമ്പാരംഭം
ഇന്നു മുതൽ പിറവിതിരുനാൾ വരെ
വിവാഹാഘോഷം മുടക്ക്.
3 : വിശുദ്ധ ഫ്രാൻസിസ് സേവ്യർ
5 : ആദ്യവെള്ളി
6 : വിശുദ്ധ അംബ്രോസ് (ഡിസംബർ 7)
7 : മംഗലവാർത്ത രണ്ടാം ഞായർ
8 : പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ
13 : കുരിശിന്റെ വിശുദ്ധ യോഹന്നാൻ (ഡിസംബർ 14)
14 : മംഗലവാർത്ത മൂന്നാം ഞായർ
18 : മൈലാപ്പൂരിലെ അത്ഭുതസ്ലീവ
21: മംഗലവാർത്ത നാലാം ഞായർ
25: നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാൾ
(കടമുള്ള ദിവസം)
26: വിശുദ്ധ എസ്തപ്പാനോസ്
27: വിശുദ്ധ യോഹന്നാൻ ശ്ലീഹ
28: പിറവി ഒന്നാം ഞായർ
കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)
31: വർഷാവസാനം

**2. ഡിസംബർ മാസത്തെ പരിപാടികൾ**

05: ഫിനാൻസ് കൗൺസിൽ (07:00 pm)
06: പാസ്റ്ററൽ കൗൺസിൽ + അവാർഡ് ദിനം (01:30 pm)
13 : കാരുണ്യദിനം (അഭിവന്ദ്യപിതാവിന്റെ ജന്മദിനം)
16 : വൈദികസമിതിയോഗം (10:30 am)
ട്രൈബ്യൂണൽ + കൂരിയ മീറ്റിംഗ് (02:30 pm)
17-20: ഡീക്കന്മാർക്കുള്ള ക്ലാസ്സ്
21: ബൈബിൾ പ്രേഷിതത്വം അവാർഡ് ദിനം
23: ക്രിസ്തുമസ്സ് ഈവ് (ആർച്ച്ബിഷപ്സ് ഹൗസ്)

25 : ക്രിസ്തുമസ്സ്
27 : ബൊൻ നത്താലെ

**3. അമലോത്ഭവതിരുനാൾ**

നമ്മുടെ അതിരൂപത അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമാണല്ലോ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ 8ന് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

**4. അഭിവന്ദ്യപിതാവിന്റെ ജന്മദിനം**

ഡിസംബർ 13നു ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ അഭിവന്ദ്യപിതാവിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

**5. ഓഫീസ് അവധി**

2025 ഡിസംബർ 22 മുതൽ 2026 ജനുവരി 6 വരെ അതിരൂപത കാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**6. കാരുണ്യനിധി കവർ**

കാരുണ്യനിധിയുടെ കവറുകൾ തയ്യാറായിട്ടുണ്ട്. ഇടവകകളിലേക്ക് എത്തിക്കുന്നതാണ്.

**7. തിരുപ്പട്ടസ്വീകരണങ്ങൾ**

അതിരൂപതക്കുവേണ്ടി 2025 ഡിസംബർ അവസാനവാരത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്നതിന് താഴെ പറയുന്ന 10 ഡീക്കന്മാർ ഒരുങ്ങികൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

| | | | |
|---|---|---|---|
| 1. തറയിൽ ജിജോ | മങ്ങാട് | 26.12.2025 | 09:00 am |
| 2. പെല്ലിശ്ശേരി ഏക്ടൻ | അമ്മാടം | 27.12.2025 | 09:00 am |
| 3. അപ്പക്കോട്ട് എഡ്വിൻ | പഴയന്നൂർ | 27.12.2025 | 09:00 am |
| 4. താഴത്ത് നിഥിൻ | കല്ലൂർ (W) | 29.12.2025 | 09:00 am |
| 5. ബ്രഹ്മകുളം ജോസഫ് | മണലൂർ കിഴക്ക് | 29.12.2025 | 09:00 am |
| 6. ചാഴൂർ അമൽ | മണലൂർ കിഴക്ക് | 29.12.2025 | 09:00 am |
| 7. ഐനിക്കൽ ജോബിൻ | പെരിഞ്ചേരി | 29.12.2025 | 02:00 pm |
| 8. എലുവത്തിങ്കൽ സാന്റിയോ | ചെവ്വൂർ | 30.12.2025 | 09:00 am |

| | | | |
|---|---|---|---|
| 9. | ചിറമ്മൽ എലോയ് | പാവറട്ടി | 30.12.2025 02:00pm |
| 10. | ഐനിക്കൽ നോബിൾ | ചിറക്കൽ | 31.12.2025 09:00am |

**8. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2026 ജനുവരി 28 ബുധൻ രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**9. ഡയറി 2026**

അതിരൂപതയിലെ ബഹു. അച്ചന്മാർക്കുള്ള ഡയറി കത്തോലിക്കാസഭ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**10. വൈദികനിയമനം**

1. ഫാ. ജിജോ മാളിയേക്കൽ- സഹവികാരി അരണാട്ടുകര, പ്രീസ്റ്റ്-ഇൻ-ചാർജ്ജ് പൂത്തോൾ ഒഴിവായി; ചിയ്യാരം വിജയമാത ഇടവകയിൽ ബലിയർപ്പണം, ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ സേവനം തുടരുന്നു, താമസം ജൂബിലി മിഷൻ മെഡിക്കൽ കോളേജ്; സാധുത 2025 ഒക്ടോബർ15 മുതൽ.
2. ഫാ. ജസ്റ്റിൻ തേക്കാനത്ത്- പ്രീസ്റ്റ്-ഇൻ-ചാർജ്ജ് പൂത്തോൾ; സാധുത 2025 ഒക്ടോബർ15 മുതൽ.
3. ഫാ. ജെറിൻ ജോസ് ആലപ്പാട്ട് CMI- സഹവികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; സാധുത 2025 ഒക്ടോബർ 16 മുതൽ.
4. ഫാ. അഖിൽ ആന്റണി CMI- സഹവികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; സാധുത 2025 ഒക്ടോബർ 16 മുതൽ.
5. മോൺ. ജോർജ്ജ് മാനാടൻ - താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; സാധുത 2025 ഒക്ടോബർ 20 മുതൽ.
6. ഫാ. മനോജ് കീഴൂരുമുട്ടിക്കൽ - പഠനാവധി; വികാരി കരുമത്ര & കപ്ലോൻ എസ്. എൽ. ഐ. ഐ. ഒഴിവായി; സാധുത 2025 നവംബർ 1 മുതൽ.
7. ഫാ. ലിജോ ചിരിയങ്കണ്ടത്ത് - വികാരി കരുമത്ര & കപ്ലോൻ എസ്. എൽ. ഐ. ഐ.; സാധുത 2025 നവംബർ 1 മുതൽ.
8. ഫാ. സനൽ മാളിയേക്കൽ - ചിയ്യാരം വിജയമാത ഇടവകയിലെ ബലിയർപ്പണ ഉത്തരവാദിത്വം ഒഴിവായി; സാധുത 2025 ഒക്ടോബർ 28 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

**DECEMBER 2025**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1-2 | | | Visit to Singapore |
| 3 | | Evening | Finance Council |
| 4 | Thu | Morning | Inauguration of Jerusalem Bible Convention @ Thalore |
| 5 | Fri | | Golden Jubilee Celebration of St. John's Medical College, Bangalore |
| 6 | Sat | Morning | JCMR National Advisory Board Meeting @ JMMC |
| | | Morning | Holy Mass: 25th Year of Matrimonial Jubilee @ Lourdes Cathedral |
| | | Afternoon | Pastoral Council, Award Day |
| | | Evening | CCI Meeting in Trichur, DBCLC |
| 7 | Sun | Morning | CCI Meeting in Trichur, DBCLC |
| | | Afternoon | Ep. Ordination of Bp. Antony Kattiparambil @ Sancta Cruz Basilica, Fort Kochi |
| 8 | Mon | Morning | Holy Mass @ Minor Seminary<br>Deacons' House Visit |
| 9 | Tue | Morning | Holy Mass @ St. Paul's Gurukulam, Thiruvillwamala |
| | | Afternoon | Birthday Celebration @ Pope Paul Mercy home |
| 11-12 | | | KCBC @POC |
| 13 | Sat | Afternoon | Karunyadhinam |
| 14 | Sun | Afternoon | Archdiocesan Level Jubilee Celebration @ Dolours Basilica |
| 15 | Mon | Morning | Jyothi Governing Body @ Jyothi |
| | | Afternoon | Consultors' Meeting |

| | | | |
|---|---|---|---|
| | | Evening | JMMC Trust meeting |
| 16 | Tue | Morning | Patron's Day @ St. Thomas College |
| | | Morning | Presbyteral Council |
| | | Afternoon | Tribunal and Curia Meeting |
| 17 | Wed | | Platinum Jubilee of JMMC |
| 18 | Thu | | Christmas Celebration @ CBCI, Delhi |
| 20 | Sat | Morning | Holy Mass: 50th Year of Matrimonial Jubilee @ Lourdes Cathedral |
| | | Afternoon | Meet for Differently Abled @ St. Joseph School, Kuriachira |
| | | Evening | Inauguration of Christmas Eve @ Dolours Basilica |
| 21 | Sun | Afternoon | Bible Apostolate Award Day @ Palocaran Square, St. Thomas College |
| | | Afternoon | Meet of Big Families @ Dolours Basilica |
| | | Evening | Christmas Celebration @ Pope Paul Peace Home |
| 23 | Tue | Evening | Christmas Eve @ Archbishop's House |
| 24-25 | Wed- Thu | Midnight | Happy Chirstmas: Holy Mass @ Lourdes Cathedral |
| 26 | Fri | Morning | Priestly Ordination: Dn. Jijo Tharayil @ Mangad |
| 27 | Sat | Morning | Priestly Ordination: Dn. Acton Pellissery & Dn. Alex Pellissery SDV @ Ammadam |
| | | Afternoon | Buon Natale Celebration |
| 28 | Sun | Afternoon | 150th Jubilee Concluding Meeting @ Pudussery |
| | | Evening | LOAF Feast Day @ Family Apostolate |
| 29 | Mon | Morning | Priestly Ordination: Dn. Nithin Thazhath @ Kallur West |
| | | Afternoon | Priestly Ordination: Dn. Jobin Ainikkal @ Perinchery |
| 30 | Tue | Morning | Priestly Ordination: Dn. Santiyo Eluvathingal @ Chevoor |
| 31 | Wed | | JAGO-Youth Conference @ Bangalore |

# ENGAGEMENTS

**DECEMBER 2025**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Mon | Morning | Holymass @ SMMS |
| 02 | Tue | Morning | Fourth Child Baptism @ Nadathra |
| | | | Clergy Commission meeting |
| 03 | Wed | Morning | Kakkanad: Deacons Meet |
| | | Evening | Holy Mass at olari CHF Provincial house |
| 04 | Thu | Morning | Gurukulam Seminary |
| | | Evening | Kottekkad, MI Trust Meeting |
| 05 | Fri | Morning | Holymass @ Spiritual Animation Centre |
| | | Evening | Sneholsavam Holymass @ Padavarad |
| | | | Finance Council |
| 06 | Sat | Morning | Holy Mass @ Kandasdankkadvu, |
| | | | Jubilee research advisory meeting |
| | | Evening | Pastoral Council Award Day |
| | | Evening | Pastoral Visit Eve @ Pallikkunnu |
| 07 | Sun | Morning | Pastoral Visit @ Pallikkunnu |
| 08 | Mon | Evening | Kiralur |
| 09 | Tue | Morning | MMMS |
| | | Evening | Convention @ Kuriachira |
| 10-12 | | | KCBC |
| 13 | | | Divine Retreat Centre |
| 14 | | Morning | Viyyoor |
| | | Evening | 10th Wedding anniversary @ Basilica |
| | | | Archdiocesan Jubilee Conclusion |
| 15 | Mon | Morning | Jyothi Governing body meeting |
| | | Evening | STC Trust meeting |
| | | | Pattikkad Forane meeting |
| 16 | Tue | Morning | Presbytéral Council meeting |
| | | Evening | Tribunal & Curia Meeting |

| | | | |
|---|---|---|---|
| | | | Nadathra |
| 17 | Wed | Evening | Platinum jubliee of JMMC |
| 20 | Sat | Evening | Christmass eve @ Basilica |
| 21 | Sun | Morning | Holy Mass @ Kodannur<br>Ollukkara |
| | | Evening | Bible Award Day @ DBCLC |
| 22 | Mon | Morning | Vincentian Diaconate Ordination<br>@ Generalate |
| 23 | Tue | Morning | Formators meeting |
| | | Evening | Christmas Eve @ Archbishop’s house |
| 24 | Wed | Morning | Holy Mass & Hall blessing @ Vendur |
| 26 | Fri | Morning | Ordination of Dn Jittin Pulikkottil CST<br>@ Velur |
| 27 | Sat | | Buon Natale |
| 28 | Sun | Morning | Holy Mass @ Nellangara,<br>Holy Mass & Hall Blessing @ Ponnukkara |
| | | Evening | Holy mass & Retreat Inaugural Talk @<br>Peechi<br>LOAF Kudumbasangamam |
| 29 | Mon | Morning | Ordination of Dn. Joseph<br>Brahamakulam, Dn. Amal Chazhoor @<br>Manular East |
| | | Noon | Ordination of Dn. Linto Kuttikkaattil CMI<br>@ Puthurthy |
| 30 | Tue | Morning | Ordination of Dn. Norbert OFM Cap,<br>& Dn. Lazary VC @ Lourde Cathedral |
| | | Noon | Ordination of Dn. Eloi Chirammel @<br>Pavaratty |
| 31 | Wed | Morning | Ordination of Dn Noble Aynikkal @<br>Chirakkal |



# നാളാഗമം

## ഒക്ടോബർ 2025

1. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ മേരിമാതാ സെമിനാരിയിൽ വൈദികരുടെ വാർഷിക ധ്യാനത്തിന് വിശുദ്ധ കുർബാന അർപ്പിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തൈക്കാട്ടുശ്ശേരി ദൈവാലയത്തിൽ 40 മണിക്കൂർ ആരാധനക്ക് തുടക്കം കുറിച്ചു വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് ബസിലിക്ക ദൈവാലയത്തിലെ സെമിനാറിന് നേതൃത്വം വഹിച്ചു.
2. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ബസിലിക്ക ഫൊറോനയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട കത്തോലിക്ക കോൺഗ്രസ് സംഗമം 'ക്രിസ്റ്റോസ് 2025' ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വൈദികരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് മേരി മാതാ മേജർ സെമിനാരിയിൽ ബലിയർപ്പിച്ചു.
3. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ അനുസ്മരണ വിശുദ്ധ കുർബാനയിലും മീറ്റിങ്ങിലും പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഡി ബി സി എൽ സിയിൽ നടന്ന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ മീറ്റിങ്ങിൽ

പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, വൈകീട്ട്, വെള്ളറക്കാടുള്ള ഫാ. ഗോഡ്വിൻ എടക്കളത്തൂരിന്റെ അപ്പച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

4. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ, കാൽവരി കപ്പൂച്ചിൻ ആശ്രമത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു. ഇരിഞ്ഞാലക്കുട രൂപതയിലെ കല്ലേറ്റുംകര ഇടവകയിൽ നടന്ന ഹോളി ഫാമിലി ഇരിഞ്ഞാലക്കുട പ്രൊവിൻസിലെ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെ വിശുദ്ധ കുർബാനയ്ക്ക് സന്ദേശം നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വച്ച് നടന്ന ഹെൽത്ത് കെയർ മിഷനറി അവാർഡ് ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഒല്ലൂർ മേരിമാതാ ദൈവാലയത്തിൽ നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി. തുടർന്ന് പറോക്കിന്റെ നേതൃത്വത്തിലുള്ള സെമിനാറിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഭിന്നശേഷി ഓർഗനൈസിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് ലൂർദ്പുരം നിർമ്മല ഭവനിൽ വിശുദ്ധ ബലിയർപ്പിച്ചു.

5. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, വൈകീട്ട്, ബസിലിക്ക ദൈവാലയത്തിന്റെ സെന്റിനറി വിശുദ്ധ കുർബാനയിലും തുടർന്ന് നടന്ന പൊതുസമ്മേളനത്തിലും പങ്കെടുത്തു. അഭിവന്ദ്യ ടോണി നിലങ്കാവിൽ പിതാവ് കുണ്ടന്നൂർ ഇടവക ദൈവാലയത്തിൽ അജപാലന സന്ദർശനത്തിനായി പോയി.

6. അഭിവന്ദ്യ ടോണി നിലങ്കാവിൽ പിതാവ് ഉച്ചകഴിഞ്ഞ് അതിരൂപത ഭവനത്തിൽ വച്ച് ലോഗോസ് ക്വിസ് അവാർഡ് ജേതാക്കളെ പ്രഖ്യാപിച്ചു. തുടർന്ന് മുക്കാട്ടുകര ബെത്‌ലേഹം കോൺവെന്റിൽ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു.

7. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ, താളിക്കോടുള്ള ഷെക്കെയ്നാ ചാനലിന്റെ പുതിയ കെട്ടിടത്തിന്റെ കല്ലിടൽ കർമ്മം നിർവഹിച്ചു. വൈകീട്ട് മൗണ്ട് സെന്റ് തോമസിൽ നടന്ന അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപുരക്കൽ പിതാവിന്റെ യാത്രയയപ്പ് സംഗമത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഷെക്കീന മീഡിയ ഹൗസിൽ പോയി ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് തൃശ്ശൂർ ലൂർദ്നാഥ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മർത്ത സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനത്തിന് കാർമികത്വം വഹിച്ചു.

8. അഭിവന്ദ്യ ടോണി നിലങ്കാവിൽ പിതാവ് ചുവന്ന മണ്ണ് യാക്കോബായ വൈദികരുടെ ധ്യാനത്തിന് നേതൃത്വം വഹിച്ചു. ഉച്ചകഴി

ഞ്ഞ് അതിരൂപതാ ഭവനത്തിൽ വച്ച് മീഡിയ കത്തോലിക്ക മീറ്റിങ്ങിന് നേതൃത്വം വഹിച്ചു. തുടർന്ന് അമ്മാടം ക്രിസ്തുജയന്തി കോൺവെന്റിന്റെ രജത ജൂബിലിയോട് അനുബന്ധിച്ചുള്ള വിശുദ്ധ ബലി അർപ്പിച്ചു.

9–30 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, യു. എസ്., റോം, മാൾട്ടാ, ജർമ്മനി എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന തൃശ്ശൂർ അതിരൂപതയിലെ വൈദികരെയും സീറോ മലബാർ വിശ്വാസികളെയും കാണുകയും ചെയ്തു.

10–11 അഭിവന്ദ്യ ടോണി നിലങ്കാവിൽ പിതാവ് എൽ ആർ സി സെമിനാറിനായി മൗണ്ട് സെന്റ് തോമസിൽ പോയി.

12. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തലോർ ദൈവാലയത്തിൽ ബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപത മതബോധന കേന്ദ്രത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം മണ്ണുത്തി ഇടവക ദിനത്തിൽ പങ്കെടുത്തു. തുടർന്ന് എൽ ആർ സിയുടെയും, കെ സി. ബി. സി ഡോക്ടറിനൽ കമ്മീഷന്റെയും ഓൺലൈൻ മീറ്റിങ്ങുകളിൽ പങ്കെടുത്തു.

13. അഭിവന്ദ്യ ടോണി നിലങ്കാവിൽ പിതാവ് പാലക്കൽ ഇടവക ദൈവാലയത്തിൽ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ചിറക്കൽ ഇടവക ദൈവാലയത്തിൽ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

14. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മനക്കൊടി സാവിയോ ഹോം ഓർഫനേജിൽ ബലിയർപ്പിച്ചു. തുടർന്ന് സെന്റ് തോമസ് കോളേജിന്റെ ഗവേണിംങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

15. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഒല്ലൂർ ഫെറോന ഇടവക ദൈവാലയത്തിൽ വെച്ച് നാലാമത്തെ കുട്ടിയുടെ മാമ്മോദീസക്കു കാർമ്മികത്വം വഹിച്ചു.

16. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മൈനർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

17. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് മേരിമാതാ സെമിനാരിയിൽ ക്ലാസുകൾ എടുത്തു. ഉച്ചകഴിഞ്ഞ് പഞ്ചാബ് മിഷൻ ഹോളി ഫാമിലി ഹൗസിൽ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം ഭിന്നശേഷിക്കാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് കത്തോലിക്കാ കോൺഗ്രസിന്റെ

പദയാത്രയിൽ പങ്കെടുത്തു മീറ്റിങ്ങിൽ സംസാരിച്ചു.

18. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മണ്ണുത്തി ഹോളി ഫാമിലി സന്യാസിനി സമൂഹത്തിന്റെ ജനറലേറ്റിൽ സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു.


18–29 അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഗോരഘ്പ്പൂർ രൂപതയിലെ വൈദികരെ ധ്യാനിപ്പിച്ചു.

30 അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മൈനർ സെമിനാരി എക്സിക്യൂട്ടീവ് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പതിയാരം ഇടവകയുടെ നവീകരിച്ച വൈദിക മന്ദിരം വെഞ്ചിരിച്ചു.

31 അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് സ്പിരിചൽ ആനിമേഷൻ സെന്ററിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതയിലെ സ്ഥാപന ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് ചേറ്റുപുഴ ആരാധന സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

**അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്നെഴുതപ്പെട്ടിരിക്കുന്നത് അപ്പോൾ അവൻെറ ശിഷ്യൻമാർ അനുസ്മരിച്ചു.**
**(യോഹ. 2:17)**

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



പാലയൂർ നിന്നുള്ള ആളൂർ സെറാ മറിയം & ഫാമിലി ഏറ്റെടുത്ത് നടത്തിയ നവംബർ മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണം 08.11.2025-ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽവെച്ച് നടത്തപ്പെട്ടു. ഇരിങ്ങാലക്കുട രൂപതാംഗവും പോട്ട ചെറുപുഷ്പം ഇടവക വികാരിയുമായ ബഹു. ടോം മാളിയേക്കൽ അച്ചനാണ് വിശുദ്ധ ബലിക്ക് കാർമ്മികത്വം വഹിച്ച് സന്ദേശം നല്കിയത്. ചാരിറ്റി സന്യാസിനി സമൂഹത്തിന്റെ ഡിപോൾ പ്രവിശ്യഭവനത്തിന്റെ നേതൃത്വത്തിൽ പോട്ട ചെറുപുഷ്പം ഇടവകയിൽനിന്നുള്ള ധാരാളം വിശ്വാസികളും ആദ്യന്തം തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. ബഹു. ടോം മാളിയേക്കലച്ചന്റെ സന്ദേശത്തിൽനിന്നും :


സുവിശേഷത്തിന് സാക്ഷ്യം വഹിച്ച് ജീവിച്ച് മരിച്ച വിശുദ്ധനായ ഒരു വൈദികന്റെ പാവനസ്മരണ ഉൾക്കൊള്ളുന്ന ഈ ദൈവാലയത്തിൽ ആയിരിക്കുമ്പോൾ

അദ്ദേഹത്തെക്കുറിച്ച് ഏതാനും ചിന്തകൾ ഞാൻ പങ്കുവെയ്ക്കുകയാണ്. മരിച്ചുപോയ ആത്മാക്കളെ പ്രത്യകമായി ഓർക്കുന്ന ഈ കാലഘട്ടത്തിൽ മരണത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിചിന്തനങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ അനുദിനം മരണത്തെക്കുറിച്ച് ധ്യാനിക്കണമെന്ന് ഊക്കനച്ചൻ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ മരണത്തെ കാത്തിരിക്കുന്ന, മരണത്തോടുകൂടെ ദൈവത്തോട് ഒന്നാകാനാഗ്രഹിക്കുന്ന ഒരു ആത്മാവിന്റെ ഒരുക്കമായി നമുക്ക് കാണുവാൻ കഴിയും. മരണത്തെ സ്നേഹിക്കുന്ന, കാത്തിരിക്കുന്ന, സ്വാഗതം ചെയ്യുന്ന അച്ചന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്:

മരണമെന്ന യാഥാർത്ഥ്യത്തിനു മുമ്പിൽ നില്ക്കണമെങ്കിൽ ജീവിതത്തെ ക്രമപ്പെടുത്തണം. അങ്ങനെയെങ്കിൽ മരണചിന്ത നമ്മെ ഭയപ്പെടുത്തില്ല. സന്തോഷത്തോടെ മരണത്തെ സ്വാഗതം ചെയ്യുവാൻ  നമുക്കു കഴിയും. നമ്മുടെ ജീവിതം എത്ര നീളുമെന്ന് നമുക്കറിഞ്ഞുകൂടാ. ജനിച്ച ദിവസം മുതൽ നാം മരണത്തോട് അടുക്കുന്നു. മരണത്തിന്റെ വിളി എപ്പോൾ വരുന്നുവോ അപ്പോൾ എല്ലാം ഉപേക്ഷിച്ച് നം പോകണം. മരണം സ്വർഗ്ഗത്തിലേക്കുള്ള വാതിലാണ്. അതിനപ്പുറത്ത് – സ്വർഗ്ഗത്തിൽ – എന്റെ പിതാവ് എന്നെ കാത്തിരിക്കുന്നു. മരണം ഒരു ഉറക്കമാണ്; സ്വർഗ്ഗത്തിലേക്കുള്ള കടന്നുപോകലാണ്. ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ സുന്ദരമായ ഈ ചിന്തകൾ ഈ സ്വർഗ്ഗയാത്രയിൽ നമ്മെയും ഏറെ പ്രചോദിപ്പിക്കുന്നുണ്ട്. അതിനാൽ ജീവിതത്തിൽ നന്മയുള്ളവരായി മാറുവാൻ, നല്ലതു പറയുവാൻ, നല്ലതു കാണുവാൻ, നല്ലതു ചിന്തിക്കുവാൻ ഒക്കെ തുടങ്ങുമ്പോൾ ഒരു സ്വർഗ്ഗം നമ്മെയും കാത്തിരിക്കുന്നുണ്ടെന്ന ഒരു ചിന്ത നമ്മുടെയും ജീവിതങ്ങളെ ചലനാത്മകമാക്കും. അത് ഭയമേതുമില്ലാതെ, ശാന്തവും സ്വസ്ഥവുമായി ദൈവസന്നിധിയിലെത്തിച്ചേരുവാൻ നമ്മെ സഹായിക്കും. ഇവിടുത്തെ ജീവിതം വഴി നാം എന്ത് നേടിയെന്നുള്ളതല്ല; നാം ആരായിരുന്നുവെന്ന് ചിന്തിക്കുവാനാണ് ഇനി നാം ശ്രമിക്കേണ്ടത്. ഇവിടെ നമുക്ക് സ്വന്തമായി ആറടി മണ്ണു മാത്രമെയുള്ളൂ. അതുകൊണ്ട് നന്മയുള്ളവരായി തീരാം. ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാധ്യസ്ഥ്യം തേടാം.

ധന്യനായ ഊക്കനച്ചന്റെ നാമകരണപരിപാടികളുടെ വൈസ് പോസ്റ്റുലേറ്ററായ റവ.ഡോ. സി. വർഷ സിഎസ് സി. ഏവർക്കും സ്വഗതവും നന്ദിയും നേരുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ട് അനുദിനവും യേശുവിനെ കണ്ടുമുട്ടുന്നത് എങ്ങനെ എന്ന് അന്തോണിയച്ചൻ പഠിപ്പിക്കുന്നു. നിയമാവർത്തനം 4:7 പറയുന്നു: ‘‘നാം വിളിച്ചപേക്ഷിക്കുമ്പോൾ ഒക്കെ നമ്മുടെ ദൈവമായ കർത്താവ് നമ്മുടെ സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏത് ശ്രേഷ്ഠ ജനതയാണ് ഉള്ളത്?’’ മറ്റു മതസ്ഥാപകർ ഇന്ന് പേരിൽ മാത്രമാണുള്ളത്. എന്നാൽ യേശുവാണ് സജീവ യാഥാർത്ഥ്യം.

ഒരിക്കൽ മാത്രം യേശു ബേത്‌ലഹേമിൽ ജനിച്ചു. എന്നാൽ ഏറെ പ്രാവശ്യം നമ്മുടെ അൾത്താരകളിൽ അവിടുന്ന് ജനിക്കുന്നു. ഈശോ തന്റെ യുവത്വം നസ്രത്തിൽ ജീവിച്ചു. എന്നാൽ അവിടുന്ന് എപ്പോഴും മദ്ബഹായിൽ ജീവിക്കുന്നു... ഒരിക്കൽ മാത്രം മഹത്വ

പൂർണ്ണനായി അവിടുന്ന് ജറൂസലം വീഥികളിലൂടെ കടന്നുപോയി. (വിശുദ്ധ കുർബാന വഴി) ഇപ്പോൾ എത്രയോ സ്ഥലങ്ങളിൽ അവിടുന്ന് സന്നിഹിതനാണ്.

സ്വർഗ്ഗത്തിൽ തന്റെ പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനയിരിക്കുന്ന യേശുവിനെ വിശുദ്ധ സ്റ്റീഫൻ കണ്ടതുപോലെ അൾത്താരയിൽ വിശ്വാസത്തിന്റെ കണ്ണുകൾക്ക് അവിടുന്ന് പ്രത്യക്ഷനാണ്. 'കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ' എന്ന് അവിടുന്ന് പറയുന്നു. വിശുദ്ധ കുർബാനയുടെ സ്ഥാപനത്തെപ്പറ്റിയുള്ള കർത്താവിന്റെ വാക്കുകൾ ശ്രവിച്ച ശ്രോതാക്കളെ മൂന്നു തരമായി അച്ചൻ തിരിക്കുന്നു. 1. അവിശ്വാസികൾ: അവരുടെ പ്രതികരണം ഇങ്ങനെയാണ് – എപ്രകാരം 'ഈ മനുഷ്യനെ തന്റെ ശരീരം ഭക്ഷണമായി നല്കാൻ ആകും'? 2. ചഞ്ചലചിത്തരായ ശിഷ്യർ: അവർ ചോദിക്കുന്നു; 'കഠിനമായ ഈ വചനം ആർക്കു ശ്രവിക്കാൻ കഴിയും'. 3. പീറ്റർ: 'കർത്താവേ, ഞങ്ങൾ ആരുടെ പക്കലേക്ക് പോകും? ജീവന്റെ വചസുകൾ നിന്റെ പക്കൽ ഉണ്ട്'.

ക്രിസ്മസ് വേളയിൽ ദിവ്യജ്ഞാനികളെ അനുസ്മരിച്ച് അച്ചൻ നടത്തുന്ന മറ്റൊരു വിചിന്തനം വിശ്വാസത്തിന്റെ ആഴത്തിലേക്ക് നാം എത്തണം എന്നുള്ള വസ്തുത വ്യക്തമാക്കുന്നു. ദിവ്യജ്ഞാനികൾക്ക് നക്ഷത്രം എന്നപോലെ സ്വർഗ്ഗത്തെക്കുറിച്ചുള്ള ചിന്ത പാപത്തിൽ നിന്ന് രക്ഷയിലേക്ക് നമ്മെ നയിക്കണം. നമ്മുടെ തെറ്റുകൾകൊണ്ട് നാം ഈ ലോകത്തിൽ അഹങ്കാരികൾ ആകുന്നു. ജറൂസലത്ത് വെച്ച് ജ്ഞാനികൾക്ക് എന്നപോലെ നമ്മുടെ രക്ഷയുടെ ദൃശ്യം നമുക്കു നഷ്ടമാകുന്നു. എന്നാൽ ദിവ്യനക്ഷത്രം വീണ്ടും പ്രത്യക്ഷപ്പെട്ട് അവരെ ക്രിസ്തുവിലേക്ക് നയിക്കുന്നു.

**ഓർക്കേണ്ട ദിനങ്ങൾ:**

ഡിസംബർ 8 – അന്തോണിയച്ചന്റെ ജന്മദിനം

ഡിസംബർ 22 – അന്തോണിയച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ 101–ാം വർഷം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




ഫാ. അനീഷ് നെല്ലിക്കൽ 02
ഫാ. ജോമോൻ പൊന്തേക്കൻ 02
ഫാ. പ്രതീഷ് കല്ലറക്കൽ 03
ഫാ. ജോമോൻ മങ്ങാട്ടിളയൻ 03
ഫാ. ജോസഫ് മുരിങ്ങാത്തേരി 03
ഫാ. ഹാഡ്‌ലി നീലങ്കാവിൽ 06
ഫാ. വർഗ്ഗീസ് പാലത്തിങ്കൽ 06
ഫാ. റാഫേൽ ആക്കാമറ്റത്തിൽ 07
ഫാ. നൈസൻ ഏലന്താനത്ത് 07
ഫാ. റോജർ തരകൻ 07
ഫാ. ലിറിൽ തളിയപറമ്പിൽ 08
ഫാ. ജോയ് കൂത്തൂർ 09
ഫാ. ബിജോയ് പൊൻപറമ്പിൽ 10
ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി 12
ഫാ. സാജൻ മാറോക്കി 12
ഫാ. ഫ്രാൻസിസ് കൂത്തൂർ 13
ഫാ. അജിത്ത് തച്ചോത്ത് 13
ഫാ. എഡ്‌വിൻ ഐനിക്കൽ 14
ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി 16
ഫാ. ലോറൻസ് തൈക്കാട്ടിൽ 16
ഫാ. നിബിൻ തളിയത്ത് 17
ഫാ. ജീസ് അക്കരപ്പട്ട്യേക്കൽ 19
ഫാ. ജോസ് തെക്കേക്കര 19
ഫാ. ജോൺ ചുങ്കത്ത് 20
ഫാ. ജോമോൻ ഇമ്മട്ടി 20
ഫാ. പ്രിന്റോ കുളങ്ങര 20
ഫാ. ആൻസൺ നീലങ്കാവിൽ 21
ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ 22
ഫാ. ജോസഫ് അന്തിക്കാട്ട് 23
ഫാ. ജോയ് ചിറ്റിലപ്പിള്ളി Jr. 23
ഫാ. ബെന്നി കിടങ്ങൻ 25
ഫാ. നവീൻ മുരിങ്ങാത്തേരി 25
ഫാ. ജസ്റ്റിൻ തടത്തിൽ 25
ഫാ. സിന്റോ പൊന്തേക്കൻ 26
ഫാ. സിജോ കാട്ടൂക്കാരൻ 27
ഫാ. ജോമോൻ മുരിങ്ങാത്തേരി 27
ഫാ. ജോയ് കൊള്ളന്നൂർ 29
ഫാ. ഡേവിസ് ചിറമ്മൽ Jr. 30
ഫാ. ഫെബിൻ ചിറയത്ത് 31
ഫാ. റോയ്സൺ കൊള്ളന്നൂർ 31
ഫാ. സ്റ്റിഷിൻ കുണ്ടുകുളം 31




ഫാ. ഫ്രാൻസിസ് ആലപ്പാട്ട് 03
ഫാ. ഫ്രാൻസിസ് അറക്കൽ 03
ഫാ. ഷിജോ ചിരിയങ്കണ്ടത്ത് 03
ഫാ. ഫ്രാങ്കോ കവലക്കാട്ട് 03
ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ 03
ഫാ. ഫ്രാൻസിസ് കൂത്തൂർ 03
ഫാ. മേജോ മങ്ങാട്ടിലയൻ 03
ഫാ. റെന്നി മുണ്ടൻകുരിയൻ 03

| | |
|---|---|
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 03 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 03 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 03 |
| ഫാ. ഫ്രാങ്കോ പുത്തിരി | 03 |
| ഫാ. ഫ്രാൻസിസ് പുത്തൂക്കര | 03 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 03 |
| ഫാ. ഫ്രാൻസിസ് തരകൻ | 03 |
| ഫാ. ട്വിങ്കിൾ വാഴപ്പിള്ളി | 03 |
| ഫാ. നിക്കോളസ് പൊറത്തൂർ | 06 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 14 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 14 |
| ഫാ. ലാസർ താണിക്കൽ | 17 |
| ഫാ. സ്റ്റീഫൻ അറക്കൽ | 26 |
| ഫാ. ജോൺസൻ ഐനിക്കൽ | 27 |
| ഫാ. അക്കരപറമ്പിൽ ലിൻസൺ | 27 |
| ഫാ. ജോൺസൻ അരിമ്പൂർ | 27 |
| ഫാ. ജോൺ ചുങ്കത്ത് | 27 |
| ഫാ. ജിജോ എടക്കളത്തൂർ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. ജോൺ കിടങ്ങൻ | 27 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 27 |
| ഫാ. ജോൺ മൂലൻ | 27 |
| ഫാ. ജോൺ മുളക്കൽ | 27 |
| ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 27 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 27 |
| ഫാ. ജീജോ വള്ളൂപ്പാറ | 27 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 27 |




| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31.12.1920 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13.12.1924 |
| ഫാ. പൗലോസ് കൂന്തായിൽ | 13.12.1924 |
| ഫാ. തോമസ് അക്കരപ്പറ്റി | 19.12.1944 |
| ഫാ. പോൾ ചിറയത്ത് | 14.12.1953 |
| ഫാ. ജോസഫ് തോട്ടാൻ | 06.12.1965 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23.12.1967 |
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02.12.1971 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി Sr. | 18.12.1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19.12.1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21.12.1992 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17.12.1994 |
| ഫാ. ജോസഫ് ചുങ്കത്ത് Sr. | 28.12.2000 |
| ഫാ. ജോസഫ് വടക്കൻ | 28.12.2002 |
| ഫാ. ആന്റണി കണ്ണമ്പുഴ | 09.12.2019 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**എഫ്.സി.സി**

ഒക്ടോബർ 2-ാം തീയതി KFFU വിന്റെ നേതൃത്വത്തിൽ പാലയൂർ സെന്റ് ഫ്രാൻസീസ് സ്കൂളിൽവെച്ച് നടന്ന വി. ഫ്രാൻസീസിന്റെ തിരുനാൾ ആഘോഷത്തിലും വി. ഫ്രാൻസീസ് സൂര്യകീർത്തനം രചിച്ചതിന്റെ 800-ാം വാർഷികത്തിലും പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ഫോൺസി മരിയ ആശംസകളർപ്പിക്കുകയും പ്രൊവിൻഷ്യൽ കൗൺസിലർ ബ. സി. ഉഷസ് ആളൂർ വചനവിചിന്തനം നടത്തുകയും ചെയ്തു. ഒക്ടോബർ 11-ാം തീയതി, തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് വിവിധ പരിപാടികളോടെ നടന്ന പ്രോവിൻസ് ഡെയിൽ, കൃതജ്ഞതാ ബലിയ്ക്ക് കപ്പൂച്ചിൻ സെന്റ് തോമസ് പ്രോവിൻസ് വികാർ പ്രൊവിൻഷ്യൽ റവ. ഫാ. ലോട്ടസ് OFM Cap കാർമികത്വം വഹിച്ചു. അസ്സീസി പ്രോവിൻസിൽ നിന്നും മരിച്ചുപോയ സഹോദരിമാർക്കായി ഒക്ടോബർ 18-ാം തീയതി അസ്സീസിയിൽ അർപ്പിച്ച റാസ കുർബ്ബാനയ്ക്ക് മഠം ചാപ്ലിയൻ റവ. ഫാ. ഷിജോ ചിരിയങ്കണ്ടത്ത് മുഖ്യകാർമികത്വം വഹിച്ചു. ഒക്ടോബർ 18-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് സ്ഥാപനാധികാരികൾക്കായി നടന്ന 3 ദിവസത്തെ Compassionate Communication Training Programme ൽ 45 സിസ്റ്റേഴ്സ് പങ്കെടുത്തു. ഒക്ടോബർ 27-ാം തീയതി കണ്ണാറ പ്രദേശത്ത തൊഴിൽ രഹിതരായ പാവപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ അവസരം ഒരുക്കുന്നതിന്റെ ഭാഗമായി തൊഴിൽ പരിശീലനം പൂർത്തിയാക്കിയ 13 പേർക്ക് സബ്സിഡി നിരക്കിൽ തയ്യൽ മെഷിൻ വിതരണം ചെയ്ത പരിപാടിയിൽ പ്രൊവിൻഷ്യൽ

സുപ്പീരിയർ ബ. സി. ഫോൺസി മരിയ, പ്രൊവിൻഷ്യൽ കൗൺസിലർ ബ. സി. ജെയ്സി ക്ലെയർ എന്നിവർ സംബന്ധിച്ചു.

**സി.എം.സി**

ബാംഗ്ലൂർ NBCLC യിൽ വെച്ച് നടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ പങ്കെടുത്തു. 2014 മുതൽ 2024 വരെ നിത്യവ്രതം ചെയ്ത സിസ്റ്റേഴ്സിന്റെ 2 ദിവസത്തെ കോഴ്സ് കോലഴി പ്രോവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു. ഒക്ടോബർ 5-ാം തിയതി ജൂനിയേഴ്സ് ഡേയും ഫോർമേഷൻ ഡേയും വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഒക്ടോബർ മാസത്തിൽ മരിയ ഭവൻ തൊഴുപാടം മഠത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.സാലി പോൾ കാനോനിക സന്ദർശനം നടത്തി. 15 ന് വി. അമ്മത്രേസ്യായുടെ തിരുനാൾ ദിനത്തിൽ സീനിയേഴ്സ് ഡേ ഘോഷിച്ചു. 16 മുതൽ കല്യാൺ നിർമലോദയമിഷനിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ കാനോനിക സന്ദർശനം നടത്തുകയും പച്ചുമാരി, ഭോപ്പാൽ എന്നി സ്ഥലങ്ങളിൽ സിസ്റ്റേഴ്സിനെ കണ്ട് സൗഹൃദം പങ്കുവെക്കുകയും ചെയ്തു. 17 ന് വി. എവുപ്രാസ്യമ്മയുടെ ജന്മദിനത്തിൽ ഒല്ലൂർ എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ നടന്ന ദിവ്യബലിയിലും മറ്റ് തിരുകർമ്മങ്ങളിലും പ്രൊവിൻഷ്യൽ കൗൺസിലും ധാരാളം സിസ്ററേഴ്സും ഭക്തജനങ്ങളും പങ്കെടുത്തു.

വിശ്വാസരൂപികരണത്തിന്റെ ഭാഗമായി പ്രൊവിൻഷ്യൽ ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ Pavartty & Kandassankadavu സ്കൂളുകളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. 25 ന് Pavartty C. K.C. Girls High School Auditorium ത്തിൽ വെച്ച് Carmel buds കുട്ടികൾക്ക് സോണൽ മീറ്റ് സംഘടിപ്പിച്ചു. സി.എം.സി മാനേജ്മെന്റിന്റെ 15 വിദ്യാലയങ്ങളിൽ വിശ്വാസരൂപികരണത്തിന്റെ ഭാഗമായി RHEMA Living Project വഴി വിദ്യാർത്ഥികളെ വചനം പഠിപ്പിക്കുന്നു. 18,19,20 എന്നീ ദിവസങ്ങളിൽ പ്രോവിൻസിന്റെ എല്ലാ മഠങ്ങളിലും പ്രാർഥന ദിനമായി ആചരിച്ചു. 26-ാം തിയതി ഞായറാഴ്ച മിഷൻ സൺഡേ ആയി ആചരിച്ചു. മിഷൻ സൺഡേ കളക്ഷൻ സെമിനാരിക്ക് കൈമാറി. 26 ന് ജനറലേറ്റിന്റെ നേതൃത്വത്തിൽ ഓൺലൈൻ ആയി മിഷൻ പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. ഈ ജപമാല മാസത്തിൽ 10 ദിവസം എല്ലാ ഭവനങ്ങളിലും ആരാധനയോടുകൂടിയ ആഘോഷമായ ജപമാല നടത്തി.

**സി.എച്ച്.എഫ്**

സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസിന്റെ നാമഹേതുക തിരുനാൾ പ്രോവിൻസിൽ

സമുചിതമായി ഘോഷിച്ചു. സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സ് പ്രാർത്ഥനയ്ക്കായി പരിയാരം സി.എസ്.ആർലേക്ക് പോയി. വി. മറിയം ത്രേസ്യയുടെ സ്വർഗ്ഗ പ്രവേശനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസും കൗൺസിലും റിട്ടയേഡ് അധ്യാപകരും ചേർന്ന് ഒക്ടോബർ പതിമൂന്നാം തീയതി 100 ഡയാലിസിസ് നടത്തുന്നതിനുള്ള ധനസഹായം ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർക്ക് കൈമാറി. അതോടൊപ്പം തൃശ്ശൂർ മെഡിക്കൽ കോളേജിൽ രോഗികൾക്ക് ഭക്ഷണം ദാനം ചെയ്യുകയും ചെയ്തു. നവജ്യോതി പ്രൊവിഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസും കൗൺസിലേഴ്സും മറ്റു സിസ്റ്റേഴ്സും ദിവ്യോദയ് മിഷൻ ഹൗസ് ചിയ്യാരം ഭവനത്തിൽ സി. റീനയുടെ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ച് പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. ഒക്ടോബർ 20-ാം തീയതി സി.എച്ച്. എഫ് നവജ്യോതി കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയിൽ നിന്നും റിട്ടയർ ആയ ടീച്ചേഴ്സിന്റെ സംഗമം 'സ്മൃതി തീരം' പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ചു. ഒക്ടോബർ 25 മുതൽ 31 വരെ നവജ്യോതി പ്രോവിൻസിൽ ഗോൾ ഡൻ സിൽവർ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന് വേണ്ടി യുള്ള ഒരാഴ്ചത്തെ ധ്യാനം തലോർ ലൂർദ് മഠത്തിൽ വച്ച് റവ. ഫാ. ജോബിൻ എസ് ജെ യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ ഗോൾഡൻ സിൽവർ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷം ഒളരിക്കര ലിറ്റിൽ ഫ്ളവർ ചർച്ചിൽ വച്ച് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു. സി എച്ച് എഫ് നവജ്യോതി ഐ എഫ് ഡി എഫിന്റെ നേതൃത്വത്തിൽ പറക്കാട് ഇടവകയിൽ മിഷനും കിള്ളിമംഗലം ഇടവകയിൽ ശുശ്രൂഷയും നടത്തപ്പെട്ടു. ഒക്ടോബർ 18 മുതൽ 22 വരെ നവജ്യോതി പ്രോവിൻസിലെ മഠങ്ങൾ ഒന്ന് ചേർന്ന് 100 മണിക്കൂർ അഖണ്ഡ ജപമാല സമർപ്പണം നടത്തി. വൊക്കേഷൻ നിയോഗാർത്ഥം വൊക്കേഷൻ പ്രമോട്ടേഴ്സ് സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ മീറ്റിങ്ങും ജാഗരണ പ്രാർത്ഥനയും നടത്തി.

**എസ്.എ.ബി.എസ്**

3-ാം തീയതി ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ പള്ളിയിൽ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ അനുസ്മരണ ദിനത്തോടനുബന്ധിച്ച് അർപ്പിച്ച വിശുദ്ധ

ബലിയിലും തുടർന്ന് നടത്തിയ അനുശോചന യോഗത്തിലും സ്നേഹ വിരുന്നിലും സിസ്റ്റർ സ്റ്റെഫി കണ്ണമ്പുഴ, സിസ്റ്റർ ലില്ലി ഗ്രേസ് ചിറ്റിലപ്പിള്ളി എന്നിവർ പങ്കെടുത്തു. പാറോക്ക് ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്റ്റിൻ സ്പിരിച്ചൽ പ്രാക്ടീസസ് എന്ന വിഷയത്തെ ആസ്പദമാക്കി മുളയം മേരിമാതാ മേജർ സെമി നാരിയിൽ വെച്ച് നടത്തിയ രണ്ടു ദിവസത്തെ വർക്ക്ഷോപ്പിൽ സിസ്റ്റർ ലിനറ്റ് ചാലക്കൽ, സിസ്റ്റർ ഗ്ലാഡിയ മുട്ടത്ത് എന്നിവർ സംബന്ധിച്ചു. 16-ാം തീയതി വിശുദ്ധ മാർഗരറ്റ് മേരി അലക്കോക്കിന്റെ തിരുനാൾ നോവിഷ്യേറ്റ് ഡേ ആയി സമുചിതമായി ആചരിച്ചു. 22-ാം തീയതി അദിലാബാദ് രൂപതയുടെ മൂന്നാമത്തെ ബിഷപ്പായി സ്ഥാനമേൽക്കുന്ന മോൺസി. ജോസഫ്തച്ചാപറമ്പത്ത് സി.എം. ഐ യുടെയും, 24ന് ഷംഷാബാദ് രൂപതയെ അതിരൂപതയാക്കി പ്രഖ്യാപിച്ച് പ്രഥമ ആർച്ച് ബിഷപ്പായി സ്ഥാനമേൽക്കുന്ന മാർ പ്രിൻസ് പാണങ്ങാടൻ പിതാവിന്റേയും സ്ഥാനാരോഹണ ചടങ്ങുക ളിൽ ബഹുമാനപ്പെട്ട മദർ മേഴ്സിറ്റ കണ്ണമ്പുഴയും സിസ്റ്റേഴ്സും പങ്കെടുക്കുകയും ലിറ്റർജിയുടെ ഒരുക്കങ്ങളിൽ സഹായിക്കുകയും ചെയ്തു. 31-ാം തീയതി രജത ജുബിലിയോടനുബന്ധിച്ച് പ്രൊവി ൻഷ്യൽ ഹൗസിന്റെ ദേവാലയം നവീകരിച്ച് പ്രതിഷ്ഠിച്ചു.

**സി. എസ്. എസ്.**

ഒക്ടോബർ 10 മുതൽ ചെങ്കുളം ആവില എക്കോ സ്പിരിച്ചാലിറ്റി സെന്ററിൽ ഈ വർഷം ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സി നായി കോഴ്സ് നടത്തപ്പെടുകയും, അതിൽ 3 സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സും 5 സിൽവർ ജൂബിലി ആഘോഷി ക്കുന്ന സിസ്റ്റേഴ്സും പങ്കെടുത്തു. ഒക്ടോബർ മാസത്തോടനുബ ന്ധിച്ച് പരിശുദ്ധ അമ്മയോട് നന്ദിപ്രകാശിപ്പിച്ച് ജെറീക്കോ പ്രാർത്ഥനയും ജപമാല റാലിയും അഖണ്ഡജപമാലയും അർപ്പിച്ച് പ്രാർത്ഥിച്ചു. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരി ക്കുന്നതിന്റെ ഭാഗമായി ജാഗരണ പ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേകൈതകാട്ട് സി.എം.ഐ. യുടെ നേതൃ ത്വത്തിൽ നടത്തപ്പെട്ടു. അദിലാബാദ് രൂപതയിൽ ബിഷപ്പ് മാർ ജോസഫ് തച്ചാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക കർമ്മങ്ങളിൽ സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റ സി.എസ്.എസ്, മറ്റു സിസ്റ്റേഴ്സും പങ്കെടുത്തു. സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസ സി.എസ്.എസ്, സ്നേഹോദയ പ്രൊവിൻസിലെ ഹൗസുകളിൽ കാനോനിക സന്ദർശനം നടത്തു ന്നു. കല്ലടികോട് ഉള്ള സെന്റ് പോൾസ് കോൺവെന്റ് സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റ കാനോനിക

സന്ദർശനം നടത്തി.

**സി.എസ്.എം**

ഒക്ടോബർ 3 ന് തൃശൂർ ലൂർദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് നടത്തിയ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ അനുസ്മരണദിനത്തിൽ സുപ്പീരിയർ ജനറൽ ബഹു. മദർ ബിയാട്രിസ്, പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ റോസിൻ ജോസ് എന്നിവർ പങ്കെടുത്തു. 6/10/2025 നിത്യവ്രത വാഗ്ദാനത്തിനായി ഒരുങ്ങുന്ന നാല് ജൂനിയർ സിസ്റ്റേഴ്സിനെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കാണുകയും ആശിർവാദം നൽകുകയും ചെയ്തു. 7/10/2025 സി എസ് എം ലൂർദ്നാഥാ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വെച്ച് അഭിവന്ദ്യ മാർ ടോണി പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ നടന്ന ആഘോഷമായ ദിവ്യബലി മദ്ധ്യേ നാല് ജൂനിയർ സിസ്റ്റേഴ്സ് തങ്ങളുടെ നിത്യ വ്രതവാഗ്ദാനം നടത്തി. ഒക്ടോബർ മാസത്തിൽ സുപ്പീരിയർ ജനറൽ ബഹുമാന മദർ ബിയാട്രിസ് അട്ടപ്പാടിയിൽ ഉള്ള കോൺവെന്റുകൾ കനോനിക സന്ദർശനം നടത്തി. ഒക്ടോബർ മാസത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ റോസിൻ ജോസ് മധ്യപ്രദേശിൽ ഉള്ള ഭോപ്പാൽ, സാഗർ രൂപതകളിൽ സേവനം ചെയ്യുന്ന കോൺവെന്റുകൾ കാനോനിക സന്ദർശനം നടത്തി. 31/10/2025 ബിഷപ്പ് ഹൗസിൽ വച്ച് കർദിനാൾ Micheal Czemy SJ യ്ക്ക് നൽകിയ സ്വീകരണ ചടങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹുമാന സിസ്റ്റർ റോസിൻ ജോസ് പങ്കെടുത്തു.

## ആദരാഞ്ജലികൾ



8.10.2025 ഗുരുവായൂർ ലിസ്യു മഠാംഗമായ സി. ഹയസിന്ത് 2025 ഒക്ടോബർ 18-ാം തീയതി ഉച്ചതിരിഞ്ഞ് 3.30ന് നിര്യാതയായി. 19-ാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 4.00 മണിക്ക് ബിഷപ്പ് എമരിറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ ഗുരുവായൂർ ലിസ്യു കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു.



26. 10.2025 സി.എം.സി. തൃശൂർ സേക്രഡ് ഹാർട്ട് മഠാംഗമായ സി. റോസെല്ല നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ബിഷപ്പ് എമരിത്തൂസ് മാർ ബോസ്ക്കോ പുത്തൂരിന്റെ മുഖ്യ കാർമികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷ നടത്തപ്പെട്ടു.



31. 10. 2025 ഇയ്യാൽ നിർമ്മലമാതാ ഭവ നാംഗമായ സി. അപ്പളോണിയ 2025 ഒക്ടോബർ 31-ാം തീയതി പുലർച്ചെ 2:30ന് നിര്യതയായി 31-ാം തീയതി ഉച്ചകഴിഞ്ഞ് 4 ന് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമികത്വത്തിൽ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മൃതസംസ്കാര ശുശ്രൂഷകൾ നടന്നു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെപ്രിയ കുഞ്ഞുമക്കളെ,

ഡിസംബർ മാസം വന്നെത്തിയിരിക്കുകയാണല്ലോ. ഉണ്ണിശോയുടെ ജനനത്തിനായി പ്രാർത്ഥനയോടെയും പരിത്യാഗത്തോടെയും 25 നോമ്പ് എടുത്ത് ഒരുങ്ങുന്ന സമയമാണല്ലോ ഇത്. എല്ലാ കുട്ടികളും ഈ ദിവസങ്ങളിൽ പ്രത്യേകിച്ച് ഇടവക ദൈവാലയത്തിലെ വിശുദ്ധ കുർബാനകളിൽ മുടക്കം കൂടാതെ പങ്കെടുക്കണം.

ക്രിസ്തുമസ് ദിനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത എല്ലാ ഭവനങ്ങളിലും ദൈവാലയങ്ങളിലും ഒരുക്കുന്ന പുൽക്കൂടുകളാണ്. നിങ്ങളുടെ വീടുകളിലും പുൽക്കൂട് ഉണ്ടാക്കാറില്ലേ? പുൽക്കൂടും ഉണ്ണിശോയുടെ ജനനവുമായി ബന്ധപ്പെട്ട ചില വ്യക്തികളെയും അവരുടെ പ്രത്യേകതകളെയും നമുക്ക് കണ്ടാലോ...

1. മറിയം: ഗബ്രിയേൽ മാലാഖ പറഞ്ഞ കാര്യങ്ങൾ നിറവേറുമെന്ന് എളിമയോടെ വിശ്വസിച്ച സ്ത്രീ.

2. ജോസഫ്: രാത്രി സ്വപ്നത്തിൽ മാലാഖ നൽകിയ സന്ദേശം ദൈവിക പദ്ധതിയായി സ്വീകരിച്ച നല്ല പിതാവ്.

3. ആട്ടിടയർ: പുൽക്കൂട്ടിലെ പുൽതൊട്ടിയിൽ രക്ഷകന്റെ അടയാളം ദർശിച്ചവർ.

4. ജ്ഞാനികൾ: സത്യാന്വേഷികൾക്ക് നിത്യസത്യമായ ക്രിസ്തുവിൽ അല്ലാതെ മറ്റെവിടെ അവസാനിപ്പിക്കാനാകും? മറ്റെവിടെ അവസാനിപ്പിച്ചാലും അത് സത്യമാകില്ലല്ലോ!

5. പുൽക്കൂട്ടിലല്ലെങ്കിലും ഈ ശിശുവിൽ രക്ഷകനെ ദർശിച്ച ജ്ഞാനവൃദ്ധരായിരുന്നു ശിമയോനും അന്നായും: ദൈവാലയത്തിലേയ്ക്കു വന്ന അനേകം കുഞ്ഞുങ്ങളിൽ ജോസഫിന്റെയും മറിയത്തിന്റെയും കുഞ്ഞിൽ രക്ഷകനെ തിരിച്ചറിഞ്ഞവർ. ഉണ്ണീശോയെ കണ്ടവർ നടത്തിയ പ്രാർത്ഥനകളിൽ ഒരുപക്ഷേ, വേറിട്ട പ്രാർത്ഥന ശിമെയോന്റേതായിരിക്കാം. ''കർത്താവേ അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തൽ വിട്ടയയ്ക്കണമേ. എന്തെന്നാൽ സകല ജനതകൾക്കുംവേണ്ടി അങ്ങ്

ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞു.'' എന്താ യിരുന്നു ഇവരുടെ പ്രത്യേകത? രക്ഷകന്റേതെന്ന് തോന്നിപ്പിക്കുന്ന യാതൊരു അടയാളങ്ങളും ഇല്ലാതിരുന്നിട്ടും രക്ഷകനെ തിരിച്ചറിയാ നുള്ള ഹൃദയലാളിത്യവും ആഴമായ ദൈവവിശ്വാസവും അഗാധമായ കാത്തിരിപ്പും അവരെ അതിനു സഹായിച്ചു. നമ്മുടെ ജീവിത പ്രതിസന്ധികളിലും രക്ഷയുടെ വഴി ആരും പ്രതീക്ഷിക്കാത്ത അടയാളങ്ങളിലൂടെയായിരിക്കും. അതുകൊണ്ട് എളിമപ്പെടുക, വിശ്വസിക്കുക, കാത്തിരിക്കുക. ''അവിടുത്തെ പരീക്ഷിക്കാത്തവർ അവിടുത്തെ കണ്ടെത്തുന്നു. അവിടുത്തെ അവിശ്വസിക്കാത്തവർക്ക് അവിടുന്ന് തന്നെതന്നെ വെളിപ്പെടുത്തുന്നു'' (ജ്ഞാനം 1:2). ഇവരെ ല്ലാം ഉണ്ണീശോയെ കണ്ട രക്ഷകനെ അനുഭവിച്ചവരായിരുന്നു.

രക്ഷകനായ ഉണ്ണീശോയെ കാണാൻ അവസരം ഉണ്ടായിട്ടും അതിന് സാധിക്കാതെ പോയ മറ്റുചിലരുണ്ട്:

1. സത്രം സൂക്ഷിപ്പുകാർ: പടിവാതിൽക്കൽ നിന്ന് മുട്ടി വിളിച്ചിട്ടും തിരുകുടുംബത്തിന് അവിടെ സ്ഥലം നിഷേധിക്കപ്പെട്ടു.

2. ഹേറോദേസ്: ഉണ്ണീശോയെ കണ്ടില്ലെന്നു മാത്രമല്ല, കൊല്ലാൻകൂടി പദ്ധതിയിട്ട ക്രൂരനായ രാജാവ്

3. കൊട്ടാരവാസികൾ: ഹേറോദേസിന്റെ കൊട്ടാരത്തിലെ പുരോഹിതർ, പണ്ഡിതർ എന്നിവർക്കും ഉണ്ണീശോയെ കാണാൻ സാധിച്ചില്ല.

എല്ലാം കണ്ട് മടങ്ങിയപ്പോഴും ഉണ്ണിയെമാത്രം കാണാനാകാതെ പോയവരെപ്പോലെയാകരുത് നമ്മുടെ ക്രിസ്തുമസ്സും. ഇനി, വളരെ പ്രധാനപ്പെട്ട ഒന്ന് കൂടിയുണ്ട് പുൽക്കൂട്ടിൽ. പുൽക്കൂട്ടിലെ കേന്ദ്രമായ ഉണ്ണീശോ. പുൽക്കൂട്ടിലെ മറ്റെല്ലാവർക്കും ഉണ്ണീശോയിലായിരുന്നു ശ്രദ്ധ. മറക്കരുത്, ശ്രദ്ധ മാറിപ്പോകരുത്. ഉണ്ണീശോയിൽ നോട്ടമുറപ്പിച്ച് വിശുദ്ധിയുടെയും ലാളിത്യത്തിന്റെയും പാഠങ്ങൾ സ്വീകരിക്കുന്ന താകട്ടെ ഈ ക്രിസ്തുമസ്. എല്ലാവർക്കും ആഗതമാകുന്ന ക്രിസ്തു മസ്സിന്റെ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

### I. ഞായറാഴ്ച വിശ്വാസപരിശീലനം വാർത്തകൾ

**1. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്**

വിശ്വാസപരിശീലകരുടെ സംവാദസദസ്സ് ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു.

ഡയറക്ടർ/അസി. ഡയറക്ടർ സന്ദർശിച്ച (ഒക്ടോബർ 15 മുതൽ നവംബർ 15 വരെ) യൂണിറ്റുകൾ: വാടാനപ്പിള്ളി, അഞ്ഞൂർ, ആർത്താറ്റ്, ആറ്റുപുറം, ബ്രഹ്മകുളം, ഗുരുവായൂർ, ചെമ്മണ്ണൂർ, കാക്കശ്ശേരി, കാവീട്, കോട്ടപ്പടി, ഒരുമനയൂർ, പാലയൂർ, പാവറട്ടി, പെരിങ്ങാട്, വൈലത്തൂർ, പടവരാട്, മണലൂർ ഈസ്റ്റ്.

നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

**2. ക്രിസ്ഫോം**

എ സി സി, 12 ക്ലാസ്സുകാർക്കുള്ള ക്രിസ്തീയ ജീവിത പരിശീലന പരിപാടിയായ ക്രിസ്ഫോമിന്റെ ബാച്ച് 9, 10, 11 ഒക്ടോബർ 17–19, ഒക്ടോബർ 31, നവംബർ 2, നവംബർ 14–16 തിയതികളിലായി നടന്നു. മൂന്ന് ബാച്ചുകളിലുമായി 167 വിദ്യാർത്ഥികൾ പങ്കെടുത്തു. പങ്കെടുത്ത വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകി.

**3. മൂന്നാമത് അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിൽ രൂപീകരിച്ചു.**

മൂന്നാമത് അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിലിന്റെ കൗൺസിലിന്റെ പ്രഥമയോഗം ചെയർമാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ നവംബർ 8 ന് ഉച്ചതിരിഞ്ഞ് 2 PM ന് ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തപ്പെട്ടു. 15 ഫൊറോനകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ഉപപാഠ പുസ്തകങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഡോ. ബാബു സി. പി. യും യുവജന വിശ്വാസപരിശീലനത്തെക്കുറിച്ച് ഡയറക്ടർ സൈജോ തൈക്കാട്ടിലച്ചനും ക്ലാസ്സ് എടുത്തു ചർച്ചചെയ്തു. തുടർന്ന് കൗൺസിലിൽ നിന്നും ഭാരവാഹികളെ തിരഞ്ഞെടുത്തു.

അതിരൂപത വിശ്വാസപരിശീലന കൗൺസിൽ ഭാരവാഹികൾ:

1. കൺവീനർ: ഡോ. ബാബു സി. പി., പ്രിൻസിപ്പൽ തണ്ടിലം
2. ജോയിന്റ് കൺവീനർ: ശ്രീമതി ജെസ്സി ഷാജു, ചെമ്മണ്ണൂർ
3. സെക്രട്ടറി: അഡ്വ. ബിനിത ജോയ്, പുല്ലഴി

4. ജോയിന്റ് സെക്രട്ടറി: ശ്രീ. ആന്റണി എ. എ., വലപ്പാട്
5. ജോയിന്റ് സെക്രട്ടറി: റവ. സി. മേരിലിറ്റ് സി. എം. സി. കണ്ടശ്ശാംകടവ്
6. ജോയിന്റ് സെക്രട്ടറി: ശ്രീമതി ജൂഡിത്ത് ജോമോൻ, ഗുരുവായൂർ

അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിൽ ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും ആശംസകളും സ്നേഹപൂർവ്വം നേരുന്നു.

**4. SMCCv**

യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 12-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് നവംബർ 8, 9 തിയതികളിൽ DBCLC യിൽ വെച്ച് ക്യാമ്പ് നടന്നു. 60 വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പിൽ നിന്ന് 4 വിദ്യാർത്ഥികളെ കാക്കനാട് സീറോ മലബാർ ആസ്ഥാനത്ത് നടക്കുന്ന പ്രതിഭസംഗമത്തിലേക്ക് തിരഞ്ഞെടുത്തു. ആന്റണി പോൾ (മരത്താക്കര), അഡോൺ ടോജോ (അവിണിശ്ശേരി), ആൻ ട്രീസ (അയ്യന്തോൾ), സിയ മേരി സോണി (ഒല്ലൂർ മേരി മാത) ഈ വിദ്യാർത്ഥികൾക്ക് എല്ലാവിധ ആശംസകളും നൽകുന്നു. റവ. ഡോ. ഡെമിൻ തറയിൽ, റവ. ഡോ. സനൽ തോമസ് മാളിയേക്കൽ, റവ. സി. ഡോ. പ്രതിഭ സി. എം. സി., ശ്രീ. ജോർജ് വി. കെ., ശ്രീ. ജീസൺ ജേക്കബ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**5. ടാലന്റ് ഹണ്ട് 2025**

വിശ്വാസപരിശീലന ടാലന്റ് മിനിസ്ട്രിയുടേയും ഈഡൻ ട്രസ്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ഫൊറോനകളുടെ മേഖലാതലത്തിൽ ടാലന്റ് ഹണ്ട് 2025 നേതൃത്വപരിശീലനവും ജീവിത മാർഗ്ഗദർശന സെമിനാർ (കരിയർ ഓറിയന്റേഷൻ സെമിനാർ) സംഘടിപ്പിച്ചു. 944 വിദ്യാർത്ഥികൾ പങ്കെടുത്തു. 10, 11, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ സെമിനാറിൽ വിശ്വാസപരിശീലന ഡയറക്ടർ റവ. ഫാ. സൈജോ തൈക്കാട്ടിൽ, അസി. ഡയറക്ടർ റവ. ഫാ. സനൽ തോമസ് മാളിയേക്കൽ, ഈഡൻ ട്രസ്റ്റ് പ്രസിഡണ്ട് ശ്രീ. ടോജോ എന്നിവർ സംസാരിച്ചു. ഈഡൻ ട്രസ്റ്റിലെ റിസോഴ്സ് പേഴ്സൺസ് സോണി അക്കര, ബാബു കെ. എ., ജോൺസൻ ലിയോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഓരോ മേഖലയിലേയും പ്രമോട്ടറച്ചന്മാരും ഫൊറോന വികാരിയച്ചന്മാരും ഫൊറോന പ്രിൻസിപ്പൽമാരും സെമിനാർ സംഘടിപ്പിക്കുന്നതിന് നേതൃത്വവും സഹായസഹകരണങ്ങളും നൽകി. വിശ്വാസപരിശീലന വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച വികാരിയച്ചന്മാർക്കും പ്രിൻസിപ്പൽമാർക്കും വിശ്വാസപരിശീലകർക്കും നന്ദി രേഖപ്പെടുത്തുന്നു. ക്യാമ്പുകളിൽ പങ്കെടുത്ത വിദ്യാർത്ഥികളിൽ നിന്ന് തിരഞ്ഞെടുത്തവർക്ക് തുടർ

പരിശീലനം നൽകുന്നു.

**6. മാതാപിതാക്കൾക്കുള്ള പരിശീലനം**

അതിരൂപത വിശ്വാസപരിശീലന കേന്ദ്രം കുട്ടികളുടെ സ്വഭാവ രൂപീകരണം ലക്ഷ്യമാക്കികൊണ്ട് വിശ്വാസപരിശീലന സെമിനാറുകൾ മാതാപിതാക്കൾക്കായി ഇടവകതലത്തിൽ ഒരുക്കുന്നു. ബുക്കിംഗിനായി 9188131311 എന്ന നമ്പറിൽ ഓഫീസ് സമയത്ത് (9.30 AM - 5.00PM) ബന്ധപ്പെടുക.

**II.അറിയിപ്പുകൾ**

**1. ആപ്റ്റിറ്റ്യൂഡ് പഠനം**

ഈ വർഷത്തെ പാഠപുസ്തകം: നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം: അർത്ഥവും അർത്ഥ തലങ്ങളും ഈ വർഷത്തെ പഠനഭാഗം: മേൽപറഞ്ഞ പുസ്തകത്തിലെ 3, 4, 5, 6, 7 അധ്യായങ്ങളാണ് (പേജ് നമ്പർ 48 മുതൽ 134 വരെ).

**2. ആപ്റ്റിറ്റ്യൂഡ് പഠനക്ലാസ്സുകൾ**

പഠനഭാഗങ്ങൾ വിശദീകരിക്കാൻ ഗൂഗിൾ മീറ്റിലും യുട്യൂബിൽ ലൈവ് ആയും ക്ലാസ്സുകൾ  നടന്നുകൊണ്ടിരിക്കുന്നു.

ആപ്റ്റിറ്റ്യൂഡ് പഠനക്ലാസ്സുകൾ നവംബർ മാസത്തിൽ നയിച്ചവർ: റവ. ഡോ. സെബാസ്റ്റ്യൻ ചാലക്കൽ, റവ. ഡോ. സാജൻ പിണ്ടിയാൻ, റവ. ഡോ. സനൽ തോമസ് മാളിയേക്കൽ. അതിരൂപതയിലെ തന്നെ പ്രഗത്ഭരായ അച്ചന്മാർ നയിക്കുന്ന ഈ ക്ലാസ്സുകളിൽ എല്ലാ വിശ്വാസപരിശീലകരും പങ്കെടുക്കുകയും നന്നായി പഠിച്ച് പരീക്ഷക്ക് ഒരുങ്ങുകയും ചെയ്യുമല്ലോ.

**3. ആപ്റ്റിറ്റ്യൂഡ് പരീക്ഷ**

ഇടവകതലം – ഡിസംബർ 7 –സമയം – 03.00 PM - 4.30 PM

- ആപ്റ്റിറ്റ്യൂഡ് പരീക്ഷയുടെ ഉത്തരപേപ്പറുകൾ വിലയിരുത്തുന്നതിനുള്ള ഉത്തരവാദിത്തം വികാരിയച്ചന്മാർക്കാണ്.
- യൂണിറ്റുതല പരീക്ഷയുടെ മാർക്ക് എൻട്രി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുകയും അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കുന്ന അധ്യാപകരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യേണ്ട അവസാന തിയതി : ഡിസംബർ 15

അതിരൂപതാതലം – ഡിസംബർ 21 – സമയം – 02.30PM - 4.30 PM, ഡി. ബി. സി. എൽ. സി.

അധികപാഠ്യഭാഗം : ഹെബ്രായർക്കെഴുതപ്പെട്ട ലേഖനം

യോഗ്യത: യൂണിറ്റ് തലത്തിൽ 50 മാർക്കിൽ 45 ഉം അതിൽ

കൂടുതലും (90 ശതമാനം/അതിൽ കൂടുതലും) മാർക്ക് ലഭിച്ച അധ്യാപകർക്ക് അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

- ഡിസംബർ 18 –ാം തിയതി മുതൽ സോഫ്റ്റ് വെയറിൽ നിന്നും ഹാൾടിക്കറ്റ പ്രിന്റ് എടുക്കാവുന്നതാണ്.
- പരീക്ഷക്ക് വരുന്ന അധ്യാപകരുടെ കൈവശം ആവശ്യമായ ഒപ്പുകൾ സഹിതം ഹാൾടിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

ആപ്റ്റിറ്റ്യൂഡ് പുന:പരീക്ഷ: ഡിസംബർ 21 – സമയം 03.00 PM - 4.30 PM ഇടവകയിൽ

**4. ബേസിക് സി. ടി. സി.**

ഡിസംബർ 12 വെള്ളി മുതൽ 14 ഞായർ വരെയുള്ള ദിവസങ്ങളിൽ നടക്കുന്നു. സോഫ്റ്റ് വെയറിൽ രജിസ്റ്റ്രേഷൻ നടത്തേണ്ടതാണ്.

**5. അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജനുവരി 3 ശനി വൈകിട്ട് 4 മുതൽ 6.30 വരെ.

**6. സർവ്വീസ് അവാർഡ് ദിനം**

ജനുവരി 26 തിങ്കൾ, വിശ്വാസപരിശീലന ശുശ്രൂഷയിൽ 15, 25, 35, 45, വർഷങ്ങൾ പൂർത്തിയാക്കിയവർക്കും 10, 20 വർഷങ്ങൾ മുടങ്ങാതെ വന്നവർക്കും 65 വയസ്സു തികഞ്ഞ് വിശ്വാസപരിശീലനത്തിൽ നിന്ന് വിരമിച്ച വരേയും അവാർഡുകൾ നൽകി ആദരിക്കുന്നു. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
അസി. ഡയറക്ടർ

## മേരിമാതാ മേജർ സെമിനാരി

**മിഷൻ ഡേ**

സ്വഭാവത്താലേ പ്രേഷിതയായ തിരുസഭയുടെ മിഷൻ ചൈതന്യം ഉൾകൊണ്ടുകൊണ്ട് ഒക്ടോബർ 25 ശനിയാഴ്ച മിഷൻ ഡേയായി ആചരിച്ചു. സാഗർ രൂപതാംഗമായ ബഹു. ഫാ. ജെയിംസ് കടവി അന്നേ ദിനം വിശുദ്ധ കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

മിഷനറി പ്രവർത്തനങ്ങൾ അടുത്തറിയുന്നതിനായി സംഘടിപ്പിച്ച മിഷൻ ഷെയറിംഗ് സെഷനിൽ എല്ലാ വൈദികരും വൈദികാർത്ഥികളും പങ്കെടുത്തു. ഹോളി ഫാമിലി സന്യാസസഭാസമൂഹാംഗവും മുൻ ഇരിഞ്ഞാലക്കുട സെന്റ് ജോസഫ് കോളേജ് പ്രിൻസിപ്പാളും ആഫ്രിക്കൻ മിഷനിൽ ഇപ്പോൾ സേവനം ചെയ്യുന്ന ബഹു. സി. രശ്മി ആയിരുന്നു മുഖ്യ അതിഥി. മിഷൻ ഡേയോടനുബന്ധിച്ച് ലേലവും കളികളും ഫുഡ് ഫെസ്റ്റും കൂപ്പൺ നറുക്കെടുപ്പും നടത്തി.

**ജപമാലമാസയാചരണം**

ഒക്ടോബർ മാസം 19 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ജപമാല മാസാചരണത്തോട് അനുബന്ധിച്ച് വിശുദ്ധ കുർബ്ബാന എഴുന്നള്ളിച്ചുവെച്ചു കൊണ്ടുള്ള ആഘോഷമായ ജപമാലയും ആരാധനയും ഉണ്ടായിരുന്നു. തുടർന്ന് ഒക്ടോബർ 29 നുള്ള ജപമാല പ്രദക്ഷിണത്തിൽ വൈദികരും വൈദികാർത്ഥികളും ഭക്തിപൂർവ്വം പങ്കുചേർന്നു.

ഒക്ടോബർ 26 ഞായാഴ്ച മുളയം ഇടവകയിൽ നിന്ന് വികാരിച്ചന്റെ നേതൃത്വത്തിൽ ഇടവകജനങ്ങൾ ജപമാല ചൊല്ലി സെമിനാരിയിൽ വരുകയും ദിവ്യകാരുണ്യ ആശീർവാദത്തിലും ആരാധനയിലും പങ്കെടുക്കുകയും ചെയ്തു.

**മരിച്ചവരുടെ ഓർമ്മദിനം**

നവംബർ ഒന്നാം തിയ്യതി മുളയം ഇടവക ദൈവാലയ സെമിത്തേരിയിൽ നടന്ന വിശുദ്ധ കുർബാനയിലും തുടർന്നുള്ള വലിയ ഒപ്പീസിലും എല്ലാ ബ്രദേഴ്സും പങ്കെടുത്തു. ബഹു. റെക്ടറച്ചൻ തിരുകർമ്മങ്ങൾക്ക് സഹകാർമികനായിരുന്നു.

**ഹോം ഡേ**

വൈദിക വിദ്യാർത്ഥികളിലെ കലാ കായിക ആഭിമുഖ്യം വളർത്തുവാനും പ്രോൽസാഹിപ്പിക്കുവാനുമായി ഒക്ടോബർ 14 ചൊവ്വാഴ്ച ഹോം ഡേയുടെ ഭാഗമായുള്ള മത്സരങ്ങളുടെ ഉദ്ഘാടനം ബഹു. ഫാ. ജിബിൻ താഴെക്കാടൻ നിർവഹിച്ചു. മൂന്നു ഗ്രൂപ്പുകളിലായി ബ്രദേഴ്സ് മത്സരിച്ചു. ഒക്ടോബർ 17, 18 തിയതികളിൽ സാഹിത്യ രചനാ മത്സരങ്ങളും നവംബർ 1 ന് കായിക മത്സരങ്ങളും നടത്തപ്പെട്ടു. ബഹു. ഫാ. സ്റ്റീഫൻ അറയ്ക്കൽ സ്പോർട്സ് ഡേ ഉദ്ഘാടനം ചെയ്തു.

നവംബർ 6 വ്യാഴ്ച സെമിനാരിയിൽ കുടുംബദിനം ആചരിച്ചു. വിശുദ്ധ കുർബാനയുടെ ആരാധനയോടെ ആരംഭിച്ച കുടുംബദിനത്തിൽ അഭിവന്ദ്യ പിതാക്കൻമാരായ മാർ ആൻഡ്രൂസ് താഴത്ത്

പിതാവും മാർ ടോണി പിതാവും മാർ ബോസ്ക്കോ പുത്തൂർ പിതാവും വിവിധ സെമിനാരികളിലെ ബഹു.റെക്ടറച്ചൻമാരും സന്യാസസമൂഹത്തിലെ മേജർ സുപ്പീരിയർമാരും ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും ബ്രദേഴ്സും ആരാധനയിലും തുടർന്നുള്ള സ്നേഹവിരുന്നിലും പങ്കെടുത്തു.

നവംബർ 10 തിങ്കളാഴ്ച്ച ഹോം ഡേ സമാപന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത അദ്ധ്യക്ഷ പദം അലങ്കരിക്കുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

സ്പോർട്ട്സ് ഡയറക്ടറായ ബഹു. ജോസ് മരിയദാസ് അച്ചന്റെയും, ആർട്ട്സ് ഡയറക്ടർ റോബിയച്ചന്റെയുംനേതൃത്വത്തിൽ സംയുക്തമായി ഹോം ഡേ പരിപാടികൾ ആസൂത്രണം ചെയ്തു മനോഹരമായി സംഘടിപ്പിച്ചു.

**ബഹു. മൈക്കിൾ കാരിമറ്റത്തിലച്ചന് ആദരാഞ്ജലികൾ**

സീറോ മലബാർ സഭയുടെ മൽപ്പാനും വചനോപാസകനും 20 വർഷം മേരിമാതാ മേജർ സെമിനാരി അധ്യാപകനുമായിരുന്ന ബഹു. മൈക്കിൾ കാരിമറ്റത്തച്ചന്റെ നിര്യാണത്തിൽ സെമിനാരി കുടുംബം അനുശോചിച്ചു. സെമിനാരിയില ബഹു. വൈദികരും ബ്രദേഴ്സും തലശ്ശേരി കത്തിഡ്രൽ ദൈവാലയത്തിൽവെച്ച് നടത്തപ്പെട്ട മൃതസംസ്കാര ശുശ്രൂഷയിലും തിരുകർമ്മങ്ങളിലും പങ്കുചേർന്ന് അച്ചന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചു. നവംബർ 11 ചൊവ്വാഴ്ച രാവിലെ ബഹു. മൈക്കിൾ കാരിമറ്റത്തച്ചന്റെ വിയോഗത്തിൽ അദ്ദേഹത്തെ അനുസ്മരിക്കുകയും വിശുദ്ധ കുർബാനയും ഒപ്പീസും ചൊല്ലി സെമിനാരി കുടുംബം പ്രാർത്ഥിക്കുകയും ചെയ്തു.

**ഡീക്കൻമാർക്ക് യാത്രയപ്പ്**

വൈദികപരിശീലനം പൂർത്തിയാക്കിയ ബഹു. ഡീക്കൻമാർ തിരുപട്ടത്തിനൊരുക്കമായി സെമിനാരിയിൽ നിന്ന് ഭവനങ്ങളിലേയ്ക്ക് യാത്രയായി. വിവിധ സ്റ്റഡിഹൗസുകളിലെ ബഹു റെക്ടറച്ചൻമാരും വൈദികരും ബ്രദേഴ്സും ചേർന്ന് നവംബർ 3ന് രാവിലെ വിശുദ്ധ കുർബാനയർപ്പിച്ച് ബഹു. ഡീക്കൻമാർക്കായി പ്രാർത്ഥിച്ചു. അന്നേ ദിവസം വൈകീട്ട് ഡീക്കൻമാർക്ക്യാത്രയയപ്പ് നൽകി. പ്രസ്തുത യോഗത്തിലും തുടർന്നുള്ള സ്നേഹ വിരുന്നിലും വിവിധ സ്റ്റഡി ഹൗസുകളിലെ ബഹു റെക്ടറച്ചൻമാരും വൈദികരും ബ്രദേഴ്സും പങ്കെടുത്തു, അനുഗ്രഹാശംസകൾ നേർന്നു. ഡീക്കൻമാർ തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചു സംസാരിച്ചു.

**ഡീക്കൻമാരുടെ മാതാപിതാക്കൻമാരുടെ സംഗമം**

നവംബർ 6 ശനിയാഴ്ച രാവിലെ ബഹു. ഡീക്കൻമാരുടെ മാതാപിതാക്കൻമാരുടെ സംഗമം സെമിനാരിയിൽ നടന്നു. മാതാപിതാക്കളും സെമിനാരി കുടുംബവും ഒന്നു ചേർന്ന് ദൈവത്തിന് കൃതജ്ഞതാബലിയർപ്പിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം ഓഡിറ്റോറിയത്തിൽ സെമിനാരികുടുംബവും മാതാപിതാക്കളും മീറ്റിംഗിനായി ഒന്നു ചേർന്നു. മാതാപിതാക്കൾ തങ്ങളുടെ അനുഭവങ്ങളും പൗരോഹിത്യകാഴ്ചപ്പാടുകളും പങ്കുവെച്ചു സംസാരിച്ചു. ബഹു റെക്ടറച്ചനും മറ്റു വൈദികരും ബ്രദേഴ്സും ഈ യോഗത്തിൽ പങ്കെടുത്തു. വൈദിക പരിശീലനം പൂർത്തിയാക്കിയ ബഹു. ഡീക്കൻമാർ തിരുപ്പട്ടത്തിനൊരുക്കമായി സെമിനാരിയിൽ നിന്ന് ഭവനങ്ങളിലേയ്ക്ക് യാത്രയായി.

**ബേഴ്സ് സ്ഥാപിച്ചവർ**

Patron Membership

1. ജെസ്നി കെ.ജെ., D/o ജോയി കെ. വി, കോമ്പാറക്കാരൻ ഹൗസ്, കല്ലൂർ പി. ഒ, തൃശ്ശൂർ, 680317.

Benefactor Membership

1. ക്രിസ്റ്റീന സെബാസ്റ്റ്യൻ, D/o ജെയിംസ്, ചിറയത്ത് ചുക്കിരി ഹൗസ്, കുരിയച്ചിറ പി.ഒ, തൃശ്ശൂർ, 680006.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# INSTITUTE OF THEOLOGY
**TRICHUR D B C L C**
**(Phone : 0487- 2333245, Mob : 9188131341)**

**1. B.A. in Theology and Religious Studies (Three Years)**

സെക്കന്റ് സെമസ്റ്ററിലെ Pentateuch (Rev. Dr.Vincent Alappat), Theology of Sacraments (Rev. Dr. Lijo Chalissery), എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

നവംബർ 02, 16, 30 തിയ്യതികളിൽ സാമൂഹിക നീതി(Rev. Dr. Saji Kanayankal), വി. പൗലോസിന്റെ ലേഖനങ്ങൾ (Rev. Dr. Vincent Alappatt),

കൗദാശിക ദൈവശാസ്ത്രം (Rev. Dr. Aljo Karerakkattil) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course ന്റെ Exam DBCLC യിലും മേരിമാതാ മേജർ സെമിനാരിയിലും നടന്നു.

**4. Basic Bible Course (BBC)**

നവംബർ മാസം Rev. Dr. Davis Panakkal CMI, Rev. Dr. Dijo Olakkengil, Rev. Dr. Mary Julit Mandumpala CMC ക്ലാസ്സുകൾ നയിച്ചു.

**5. Certificate Course on Sacred Liturgy**

നവംബർ 02,16 തിയ്യതികളിൽ ആരാധനാക്രമത്തിന്റെ വളർച്ച രണ്ടാംവർത്തിക്കാൻ കൗൺസിലും കൗൺസിലാനന്തര രേഖകളും (Rev. Dr. Paul Pulikkan), സീറോ മലങ്കര കുർബാനയുടെ ഘടനയും ദൈവശാസ്ത്രവും (Rev. Dr. Jose Mariadas OIC) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**6. Certificate Course on the Life in Holy Spirit**

നവംബർ 02, 16, തിയ്യതികളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള തെറ്റായപഠനങ്ങളും സഭാപ്രബോധനങ്ങളും (Rev. Dr. Sebastain Chalakkal) പാപവും പാപബോധവും, പരിശുദ്ധാത്മാവിനെതിരായ പാപങ്ങളും (Rev. Dr. Denny Thanikkal), പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ (Rev. Dr. Saijo Thaikkattil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**7. Catechism of the Catholic Church (CCC)**

നവംബർ 09, 23 Ten commandments 1-3 (Rev. Dr. Taison Mandumpal), Ten commandments 4-10 (Rev. Dr. Taison Mandumpal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**8. Certificate Course on Guidance and Counselling**

നവംബർ 09, 23 തിയ്യതികളിൽ Developmental Psychology (Rev. Fr. Paul Chalissery), Psychoanalytic Dynamic Therapy (Rev. Dr. Sr. Metilda CHF) എന്നീ വിഷയങ്ങളുടെ ക്ലാസ്സ് നടന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
ഡീൻ & റെജിസ്ട്രാർ

# എക്സൽ അക്കാദമി

**Civil Service Course (സിവിൽ സർവീസ് കോഴ്സ്)**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ ജനുവരി 2026 ൽ ആരംഭിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ആയിരിക്കും ക്ലാസുകൾ നടത്തുന്നത്. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീ കരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. തിരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് പരിശീലനം നൽകുന്നു. ദിവസത്തിൽ ഒരു ക്ലാസ്സിനു 250 രൂപ, ഓരോ മാസത്തെ ക്ലാസ്സിന്റെ എണ്ണത്തിനനുസരിച്ച് ഫീസിൽ മാറ്റമുണ്ടാകം. ബഹു. വികാരി അച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം യോഗ്യരായ വിദ്യാർഥികൾക്ക് ഭാഗികമായോ പൂർണമായോ ഫീ ഇളവ് നൽകുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10-4 വരെ ഡി. ബി. സി. എൽ. സി. യിലാണ് ക്ലാസുകൾ. ബഹു വികാരിയ ച്ചൻമാർ, ഏറെ പ്രയോജനപ്രദമായ ഈ പരിശീലനത്തിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുമല്ലോ പ്രവേശനം ജനുവരി 15 വരെ.

Coaching Centre for Minority Youth **(ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം)**

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. ക്ലാസ്സുകൾ 2026 ജനുവരി മുതൽ ആരംഭിക്കും. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

**K - TET (Kerala Teachers Eligibility Test)**

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ 2026 ജനുവരി മുതൽ ആരംഭിക്കുന്നു. താല്പര്യമുള്ളവർ ജനുവരി 20-ാം തിയതിക്കകം എക്സൽ അക്കാദമിയിൽ ബന്ധപ്പെടുക.

Contact: Excel Academy: 9744941585

Prof. Dr. Mani K Peter- Academic Head: 9847235070

Ashik Thomas - Administrative & Technical Support: 7907326322

**ഡോ. മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കാൻവോക് വാക്കത്തോൺ**

തൃശ്ശൂർ ഗൈനക്ക് ഡോക്ടർമാരുടെ സംഘടനയായ തൃശ്ശൂർ ഒബ്സ്റ്റെട്രിക്സ് ആന്റ് ഗൈനക്കോളജി സൊസൈറ്റിയും കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റെട്രിക്സ് ആന്റ് ഗൈനക്കോളജിയും സംയുക്തമായി സംഘടിപ്പിച്ച കാൻവോക് സ്തനാർബുദ ബോധ വത്കരണ വാക്കത്തോൺ പരിപാടിയിൽ ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം നേടി. ഇതിനോ ടനുബന്ധിച്ച് നേഴ്സിങ്ങ് വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ വാക്കത്തോൺ, സ്കിറ്റ്, ഫ്ളാഷ്മോബ് മത്സരങ്ങളിൽ ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**ലോകമാനസികാരോഗ്യദിനം ആചരിച്ചു**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റി റ്റ്യൂട്ട് ലോക മാനസികാരോഗ്യ ദിനം ആചരിച്ചു. അസിസ്റ്റന്റ് ഡയറ ക്ടർ ഫാ. തോമസ് പൂപാടി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ലോക മാനസികാരോഗ്യദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഓൺലൈൻ ക്വിസ് മത്സരത്തിന്റെ വിജയികൾക്ക് സമ്മാനദാനം നടത്തി.

**ജുബികോൺ സമാപിച്ചു**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റി റ്റ്യൂട്ടിൽ ദ്വിദിന ദേശീയ മെഡിക്കൽ കോൺഫറൻസ് – ജുബികോൺ 2025 – സമാപിച്ചു. ബിൽഹ ആൻ ജിക്കിയുടെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാർത്ഥികൾ സംഘടിപ്പിച്ച കോൺഫറൻസിൽ മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ

മുഖ്യാതിഥിയായിരുന്നു. ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിന്റെ ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ ഗവേഷണസംഗ്രഹ ഗ്രന്ഥമായ കോൺസ്പെക്ടസ് (മൂന്നാം പതിപ്പ്) പ്രകാശനം ചെയ്തു. 12 വിഷയങ്ങളിലായി പ്രഗത്ഭരായ ഡോക്ടർമാർ നയിച്ച വർക്ക്ഷോപ്പുകൾ വിദ്യാർത്ഥികളിലെ പ്രായോഗികബോധം വർദ്ധിപ്പിക്കുന്നവയായിരുന്നു. ഗവേഷണാവതരണം, ക്വിസ് ഉൾപ്പെടെ വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുത്ത് ആകർഷകമായ സമ്മാനങ്ങൾ കരസ്ഥമാക്കി.

**ലോക സ്ട്രോക്ക് ദിന ബോധവത്കരണ വാക്കത്തോൺ**

ലോക സ്ട്രോക്ക് ദിനത്തോടനുബന്ധിച്ച് തൃശ്ശൂർ ന്യൂറോളജിക്കൽ സൊസൈറ്റിയും സ്ട്രോക്ക് ഫൗണ്ടേഷനും ഐ.എം.എ. തൃശ്ശൂരും കൂടി നടത്തിയ വാക്കത്തോൺ റിട്ടയേഡ് എ.സി.പി. ശ്രീ സുരേഷ് ഫ്ളാഗ് ഓഫ് ചെയ്തു.

**'രോപണ 2025'**

തൃശ്ശൂർ ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ 'രോപണ 2025' എന്ന പേരിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. ഇന്റഗ്രേറ്റീവ് സൊലൂഷ്യൻസ് ഫോർ നോൺഹീലിങ്ങ് അൾസേഴ്സ് ആന്റ് ഡയബറ്റിക്ക് ന്യൂറോപതി – എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു സെമിനാർ. കേരള സർക്കാർ ആരോഗ്യ-കുടുംബക്ഷേമ-ആയുഷ് വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ IAS സെമിനാർ ഉദ്ഘാടനം ചെയ്തു.

**അഭിനന്ദനങ്ങൾ**

- ടൈംസ് നെറ്റ് വർക്ക് ഇന്ത്യ ഹെൽത്ത്കെയർ സമ്മിറ്റിന്റെ 'മാസ്റ്ററോ ഇൻ-ഗൈനക്കോളജി' അവാർഡ് ഗൈനക്കോളജി വിഭാഗത്തിലെ പ്രൊഫസർ ഡോ. അശ്വത്ത് കുമാർ ആർ കരസ്ഥമാക്കി.
- അനസ്തേഷ്യ വിഭാഗത്തിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ബിനിൽ ഐസക്ക് ഐ.എസ്.എ. കേരളയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

**കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

- ജോണു ജോയ്, പെരിഞ്ചേരി, അരണാട്ടുകര, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- പ്രൊവിൻഷ്യൽ സുപ്പീരിയർ, നവജ്യോതി പ്രൊവിൻഷ്യൽ

ഹൗസ്, ഒളരിക്കര, തൃശ്ശൂർ

- ബിനേഷ് ജോൺ, പൊന്തേക്കൻ ഹൗസ്, ചിയ്യാരം, തൃശ്ശൂർ
- ജെസ്‌വിൻ ജോസ്, കുണ്ടുകുളം ഹൗസ്, പെരിഞ്ചേരി, തൃശ്ശൂർ
- നിമിൽ ജോസഫ്, കണ്ണംമ്പുഴ ഹൗസ്, കുത്തങ്ങാടി, വെളുത്തൂർ, തൃശ്ശൂർ
- ഇ. പി. ഫ്രാൻസിസ്, എലുവത്തിങ്കൾ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
- ഗോപാലകൃഷ്ണൻ, കീർത്തിവീട്ടിൽ, ലക്കിടി
- വെനസ്ഡേ ക്ലബ്, എറണാകുളം

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ഗീവർഗ്ഗീസ് രാജീവ്, പഴയേടത്ത് ഹൗസ്, കട്ടിലപൂവ്വം, തൃശ്ശൂർ
- സജി ജോർജ്ജ്, കരിയേൽ ഹൗസ്, വരാക്കര, തൃശ്ശൂർ
- ഷാർമിലി കുരിശ്ശിങ്കൽ, ലൂർദ്ദ്പുരം, തൃശ്ശൂർ
- ശ്രിയ ലിയോസ്, ആമ്പല്ലൂർ, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ് (ഓട്ടോണമസ്)

**1. നെറ്റ് സീറോ കാർബൺ അവാർഡ്**

പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥ വ്യതിയാനത്തിനെതിരായ പ്രവർത്തനങ്ങൾ, കാർബൺ ബഹിർഗമന നിയന്ത്രണം എന്നിവ മുൻ നിർത്തിയും, ക്യാമ്പസിൽ നട്ടുപിടിപ്പിച്ച വിവിധയിനം വൃക്ഷങ്ങൾ, മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ, സോളാർ മുഖേനയുള്ള വൈദ്യുതി ഉൽപാദനം, മഴവെള്ള സംഭരണം തുടങ്ങി വിവിധ മാതൃകാ പ്രവർത്തനങ്ങൾ കണക്കിലെടുത്തുമാണ് കോളേജിന് നെറ്റ് സീറോ കാർബൺ അവാർഡ് ലഭിച്ചത്.

**2. ബോൺ നതാലേക്ക് എ.ഐ ഫ്ളോട്ടുകൾ**

ഡിസംബർ 27 ന് തൃശൂർ നഗരത്തിൽ സംഘടിപ്പിക്കുന്ന ബോൺ നതാലെ ക്രിസ്മസ് പാപ്പാ ആഘോഷത്തിന്റെ ഭാഗമായുള്ള എ.ഐ.

ഫ്ളോട്ടുകളുടെ നിർമ്മാണോദ്ഘാടനം ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു.

**ഫാ. ഡേവിഡ് നെറ്റിക്കാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
പി.ആർ.ഒ.

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പ്രതീക്ഷാകിരണം**

കാലിക്കറ്റ് യൂണിവേഴ്സിറ്റി നാഷണൽ സർവീസ് സ്കീമും ഇസാഫ് ഫൗണ്ടേഷനും സംയുക്തമായി നടത്തുന്ന ആത്മഹത്യാ വിരുദ്ധ കാമ്പയിനായ പ്രതീക്ഷാകിരണം സെന്റ് തോമസ് കോളേജിൽ സിറ്റി പോലീസ് കമ്മീഷണർ നകുൽ രാജേന്ദ്ര ദേശ്മുഖ് ഫ്ളാഗ് ഓഫ് ചെയ്തു.

യൂണിവേഴ്സിറ്റിക്കു കീഴിൽ വരുന്ന വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ എന്നിവിടങ്ങളിലെ ആർട്സ് ആൻഡ് സയൻസ് കോളജുകൾ കേന്ദ്രീകരിച്ചു നടക്കുന്ന ബോധവത്കരണ പരിപാടിയുടെ യൂണിവേഴ്സിറ്റിതല ഉദ്ഘാടനവും ഫ്ളാഗ് ഓഫുമാണു നടന്നത്.

**2. ഓർമ്മച്ചെപ്പ്**

സ്റ്റാർസ് സെന്റ് തോമസ് അലുമിനി അസോസിയേഷൻ ഫോർ റേഡിയന്റ് സൊസൈറ്റി വാർഷിക പുനഃസമാഗമം നടത്തി. മാനേജർ, മാർ ടോണി നീലങ്കാവിൽ പരിപാടി ഉദ്ഘാടനം ചെയ്തു.

**3. വിമുക്തി സംവാദ മത്സരം**

ലഹരിവസ്തുക്കളിൽ നിന്നു ഭാവി തലമുറയെ സംരക്ഷിക്കുക, ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ വിദ്യാർഥികളെ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി ജില്ലാതല സംവാദ മത്സരം നടത്തി. തൃശൂർ സെന്റ് തോമസ് കോളേജ് എൻ.എസ്.എസ് യൂണീറ്റ്, ശ്രദ്ധ നേർക്കൂട്ടം കമ്മിറ്റി എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

**4. ഇന്റേൺഷിപ്പ് പ്രോഗ്രാം**

സെന്റർ ഫോർ എനർജി സ്റ്റഡീസ് സെന്റ് തോമസ് കോളേജ്, തൃശ്ശൂർ, ജില്ലാ പഞ്ചായത്ത് സ്ഥാപനമായ വിജ്ഞാൻ സാഗർ സയൻസ് ആൻഡ് ടെക്നോളജി പാർക്ക്, രാമവർമ്മപുരം എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ ഇന്റേൺഷിപ്പ് പ്രോഗ്രാം സർട്ടിഫിക്കറ്റ് വിതരണം പ്രിൻസിപ്പൽ റവ. ഡോ. മാർട്ടിൻ കെ.എ. നിർവഹിച്ചു 40 കുട്ടികൾ ഇന്റേൺഷിപ്പ് പൂർത്തികരിച്ചു.

**5. പി.ടി.എ ജനറൽ ബോഡി യോഗം**

പി.ടി.എ ജനറൽ ബോഡി യോഗം കോളേജിൽ കവിപ്രതിഭ ഹാളിൽ വെച്ച് നടത്തപ്പെട്ടു. എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഡോ. മാർട്ടിൻ കെ.എ. അദ്ധ്യക്ഷത വഹിച്ചു. പി.ടി.എ വൈസ് പ്രസിഡന്റ് ഡോ. ബിജു തോമസ്, പി.ടി.എ സെക്രട്ടറി, ഡോ. വിജു എം.ജെ എന്നിവർ സന്നിഹിതരായിരുന്നു. വിവിധ തലങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും ആദരിച്ചു.

**6. അക്കാദമിക് കൊളാബറേഷൻ**

തൃശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ആർക്കിടെക്ചർ വിഭാഗത്തിലെ വിദ്യാർത്ഥികളുമായി സാമ്പത്തിക ശാസ്ത്ര വിഭാഗം ഒരു അക്കാദമിക് സഹകരണ പരിപാടി നടത്തി. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി കാർഷിക സാമ്പത്തിക ശാസ്ത്രവും നഗര ആസൂത്രണവും എന്ന വിഷയത്തിൽ സാമ്പത്തിക ശാസ്ത്ര വകുപ്പിലെ ഇമ്മാനുവൽ തോമസ് പ്രഭാഷണം നടത്തി.

**7. അഭിനന്ദനങ്ങൾ**

ജില്ലാതല ഭരണഭാഷാപുരസ്കാര തെരഞ്ഞെടുപ്പ് സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സെന്റ് തോമസ് കോളേജ് മലയാളവിഭാഗം അധ്യാപകൻ റവ. ഡോ. തോമസ് എടക്കളത്തൂർ അച്ചന് അഭിനന്ദനങ്ങൾ.

** വൈ.ഐ.പി.യിൽ മികച്ച ഫെസിലിറ്റേറ്റർ (ജില്ലാതല) അവാർഡ് നേടിയ ഡോ. ജോൺസ് നടുവത്തിന് അഭിനന്ദനങ്ങൾ.

**8. ജോസഫ് മുണ്ടശ്ശേരി സ്മാരക പ്രഭാഷണം**

കോമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ജോസഫ് മുണ്ടശ്ശേരി മെമ്മോറിയൽ ലക്ചർ കവിപ്രതിഭ ഹാളിൽ സംഘടിപ്പിച്ചു. 'ബിയോൻഡ് ദ ബാലൻസ് ഷീറ്റ്: എമർജിംഗ് ട്രെൻഡ്സ് ഇൻ കൊമേഴ്സ് ആൻഡ് അക്കൗണ്ടിംഗ്' എന്ന വിഷയത്തിൽ നടന്ന മെമ്മോറിയൽ ലക്ചറിൽ സി.എ. ജീൻ പോൾ എഫ്.സി.എ, (മുൻ

ചെയർമാൻ, ഐ.സി.എ.ഐ, തൃശ്ശൂർ) മുഖ്യപ്രഭാഷകനായിരുന്നു.

**9. സൈബർ തട്ടിപ്പ് തന്ത്രങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ**

'സൈബർ തട്ടിപ്പ് തന്ത്രങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ' എന്ന വിഷയത്തിൽ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റ് സെമിനാർ നടത്തി. ഡിജിറ്റൽ യുഗത്തിലെ അവബോധത്തിനും മുൻകരുതൽ നടപടികൾക്കും ഊന്നൽ നൽകി സൈബർ തട്ടിപ്പിന്റെ വികസിച്ചു കൊണ്ടിരിക്കുന്ന പ്രവണതകളെയും തന്ത്രങ്ങളെയും കുറിച്ചുള്ള വിലപ്പെട്ട ഉൾക്കാഴ്ചകൾ ശ്രീ. രാഹുൽ QM (ഗസ്റ്റ് സ്പീക്കർ, ബറോഡ അക്കാദമി, എറണാകുളം) വിശദീകരിച്ചു.

**10. റീസ്റ്റാർട്ട് എ ഹാർട്ട് ഡേ**

ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിനു തൃശ്ശൂർ റോട്ടറി ക്ലബിന്റെയും ആഭിമുഖ്യത്തിൽ 'റീസ്റ്റാർട്ട് എ ഹാർട്ട് ഡേ' എന്ന പരിപാടി നടന്നു. കാർഡിയോ-റെസ്പിറേറ്ററി ലൈഫ് സപ്പോർട്ട് (സി.ഒ.എൽ.എസ്), പ്രഥമശുശ്രൂഷ എന്നിവയിൽ വിദ്യാർത്ഥികളുടെ അവബോധവും കഴിവുകളും വർദ്ധിപ്പിക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ സംപ്രേഷണ ലക്ഷ്യം.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**മെസ്റ്റിൻ പി.സി**
പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**ലോക മാനസിക ആരോഗ്യ ദിനം ആചരിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ ഇക്കോ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലോക മാനസികാരോഗ്യ ദിനം ഒക്ടോബർ 10 വെള്ളിയാഴ്ച രാവിലെ പ്രിൻസിപ്പാൾ റവ.ഡോ.ചാക്കോ ചിറമ്മൽ ഉദ്ഘാടനം നിർവ്വഹിച്ചു. വിപുലമായ രീതിയിൽ സംഘടിപ്പിച്ച പരിപാടിയിൽ കുട്ടികളുടെ സജീവ പങ്കാളിത്തത്തോടെ കൂടി നാടകം, വീഡിയോ, ഡാൻസ് മുതലായ കലാപരിപാടികൾ അവതരിപ്പിച്ചു.

**സിനർജി സീരീസ്**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ സിനർജി സെമിനാർ ഒക്ടോബർ 13 തിങ്കളാഴ്ച സംഘടിപ്പിച്ചു. ഇംഗ്ലീഷ് വിഭാഗ

ത്തിലെ അധ്യാപികയായ ശ്രീമതി. നിലീന രാജൻ 'റീ എനെർജി യസിങ് ക്ലാസ് റൂം, സ്റ്റുഡൻസ് എൻഗേജ്മെന്റ് ത്രൂ ഇന്നോവേഷൻ ആൻഡ് ഇൻക്ലൂസിറ്റി' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു. കുട്ടികളും മറ്റു അധ്യാപകരും സജീവ പങ്കാളികളായി.

**മന്തിലി ഫീഡ്ബാക്ക് പ്രോഗ്രാം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ മന്തിലി ഫീഡ്ബാക്ക് പ്രോഗ്രാം മലയാളം ഓപ്ഷന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 30 വ്യാഴാഴ്ച സംഘടിപ്പിച്ചു. റിപ്പോർട്ട് വായനയും തുടർന്ന് വിദ്യാർത്ഥികൾ വിവിധതരം കലാപരിപാടികളും അവതരിപ്പിച്ചു.

**കേരളപ്പിറവി ദിനാഘോഷം**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ നവംബർ 1 കേരളപ്പിറവിയോട് അനുബന്ധിച്ച് ഒക്ടോബർ 31 വെള്ളിയാഴ്ച കേരളപ്പിറവി ദിനാഘോഷം നടത്തി. പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മൽ കേരളപ്പിറവി ദിന സന്ദേശം നൽകി. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധതരം കലാപരിപാടികളും അരങ്ങേറി.

**അരങ്ങ്: കൾച്ചറൽ പ്രോഗ്രാം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2025-2027 ബാച്ചിന്റെ കൾച്ചറൽ പ്രോഗ്രാമായ അരങ്ങിന്റെ ഭാഗമായി നവംബർ 6 വ്യാഴാഴ്ച മോണോ ആക്ട് മത്സരം നടന്നു.

**പൂർവ്വ വിദ്യാർത്ഥി സംഗമം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2022-2025 വർഷങ്ങളിലെ പൂർവ്വവിദ്യാർത്ഥി സംഗമം നവംബർ 8 ശനിയാഴ്ച സംഘടിപ്പിച്ചു. പൂർവ്വ വിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്തവർ തങ്ങളുടെ രണ്ടു വർഷത്തെ മഹാജൂബിലി കോളേജിലെ അനുഭവങ്ങളും അധ്യാപനരംഗത്തെ അനുഭവങ്ങളും പങ്കുവെച്ചു.

**നാലാം സെമസ്റ്റർ ആരംഭിച്ചു**

2024-2026 അധ്യായന വർഷത്തിലെ വിദ്യാർത്ഥികൾക്ക് നവംബർ 12 ബുധനാഴ്ച മുതൽ നാലാം സെമസ്റ്ററിന് തുടക്കമായി

**നാഷണൽ സെമിനാർ സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ നവംബർ 14 വെള്ളിയാഴ്ച 10 മണിക്ക് നാഷണൽ സെമിനാർ സംഘടിപ്പിച്ചു. വിദ്യാഭ്യാസ രംഗത്തെ നവീന പ്രവണതകളും അധ്യാപനരീതികളിലെ മാറ്റങ്ങളും ചർച്ച ചെയ്യുന്നതിനായി സംഘടിപ്പിച്ച ഈ സെമിനാറിൽ നിരവധി അധ്യാപകരും ഗവേഷകരും വിദ്യാർത്ഥികളും

പങ്കെടുത്തു. ട്രാൻസ്ഫോർമിംഗ് എജുക്കേഷൻ ത്രൂ ഐ.കെ.എസ് ഇൻസൈറ്റ്സ് ഫ്രം 2020 എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ അവതരിപ്പിച്ചു.

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ കദ്ധഅഇന്റെ ആഭിമുഖ്യത്തിൽ കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിലുമായി (KSHEC) സഹകരിച്ച് ട്രാൻസ്ഫോർമിംഗ് എജുക്കേഷൻ ത്രൂ ഐ.കെ.എസ് ഇൻസൈറ്റ്സ് ഫ്രം എൻ ഇ പി 2020 (Transforming Education through IKS: Insights from NEP 2020) എന്ന വിഷയത്തിൽ ഏകദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു.

**പഠനയാത്ര സംഘടിപ്പിച്ചു**

2024-2026 ബാച്ചിന്റെ പഠനയാത്ര നവംബർ 24ന് സംഘടിപ്പിച്ചു.

**യൂണിവേഴ്സിറ്റി പരീക്ഷ ആരംഭിച്ചു**

2025-2027 ബാച്ചിലെ വിദ്യാർത്ഥികൾക്ക് ആദ്യ സെമസ്റ്റർ പരീക്ഷകൾ നവംബർ 26 മുതൽ ആരംഭിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

## കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ..**

| | |
|---|---|
| 1 തിങ്കൾ | - ലോക എയ്ഡ്സ് ദിനം |
| 3 ബുധൻ | - വി. ഫ്രാൻസിസ് സേവ്യർ |
| 5 വെള്ളി | - ആദ്യവെള്ളി, വി. കുർബാന, |
| 6 ശനി | - ഡോ. ബി. ആർ. അംബേദ്കർ ദിനം |
| 7 ഞായർ | - സായുധസേനാ പതാകദിനം |
| 8 തിങ്കൾ | - മാതാവിന്റെ അമലോത്ഭവതിരുനാൾ |
| 10 ബുധൻ | - മനുഷ്യാവകാശദിനം |
| 13 ശനി | - മാർ ആൻഡ്രൂസ് താഴത്ത് - ജന്മദിനം |
| 25 വ്യാഴം | - ക്രിസ്തുമസ് |
| 28 ഞായർ | - കുഞ്ഞിപ്പൈതങ്ങൾ |

**2. ക്രിസ്തുമസ് – പുതുവത്സരാംശകൾ**

ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ മാനേജർമാർക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേരുന്നു. ഉണ്ണീശോ നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ഡിസംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 3,4,5 – 10,11,12 – 17,18,19– 31, ജനുവരി 1,2. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**വിവാഹ ജൂബിലി ആഘോഷങ്ങൾ**

വിവാഹജീവിതത്തിന്റെ 5, 10, 25, 50, 60 വർഷങ്ങൾ പിന്നിടുന്ന വിവിധ ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരൊത്ത് ദിവ്യബലി അർപ്പിക്കാനും പ്രാർത്ഥനാശംസകൾ നേരാനും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഒരു അവസരം ഒരുക്കുന്നു. 2020, 2015, 2000, 1975, 1965 തുടങ്ങി വർഷങ്ങളിൽ വിവാഹിതരായവരെയാണ് ഈ ജൂബിലി ആഘോഷങ്ങൾക്ക് ക്ഷണിക്കുന്നത്. ഭാര്യയും ഭർത്താവും ഒരുമിച്ച് പങ്കെടുക്കുവാനുള്ള അവസരമാണ്.

**വിവാഹരജത ജൂബിലി**

ഡിസംബർ 6, ശനി 9.00 am - 1.00 pm – തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ

<u>വിവാഹത്തിന്റെ അഞ്ചാം വാർഷികം</u>

ഡിസംബർ 7, ഞായർ 1.30 pm - 5.00 pm – തൃശ്ശൂർ ഫാമിലി അപ്പൊ

സ്റ്റൊലേറ്റ് സെന്റർ

<u>വിവാഹത്തിന്റെ പത്താം വാർഷികം</u>

ഡിസംബർ 14, ഞായർ 1.30 pm  5.00 pm – തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

<u>വിവാഹത്തിന്റെ സുവർണ്ണ (50) & ഷഷ്ടിപൂർത്തി (60) ജൂബിലികൾ</u>

ഡിസംബർ 20, ശനി 9.00 am  1.00 pm – തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2025 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനം നവംബർ 16 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും, ബഹു. അലക്സ് മരോട്ടിക്കൽ അച്ചനും, ബഹു. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി അച്ചനും, ബഹു. അനിഷ് കൂത്തൂരച്ചനും ഈ ദമ്പതി സംഗമത്തിന് നേതൃത്വം കൊടുത്ത എല്ലാവർക്കും പങ്കെടുത്തവർക്കും പ്രത്യേകം നന്ദി പറയുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**അതിരൂപത കുടുംബകൂട്ടായ്മ ഇലക്ഷൻ 2025–2028**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ 2025–2028 കാലയളവിലെ കേന്ദ്രസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് 2025 ഡിസംബർ 21–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചക്ക്ശേഷം 2 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടക്കുന്നു. ഈ തിരഞ്ഞെടുപ്പ് മീറ്റിങ്ങിലേക്ക് 16 ഫൊറോനകളിലെ 2025–2028 കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രസമിതി എക്സിക്യൂട്ടീവ് ഭാരവാഹികളും അഭിവന്ദ്യ പിതാവ് നാമനിർദ്ദേശം ചെയ്യപ്പെട്ട (നോമിനേറ്റഡ് അംഗങ്ങൾ

ഉൾപ്പെടെ) അംഗങ്ങളുമാണ് പങ്കെടുക്കേണ്ടതാണ്.

<u>അതിരൂപത ഇലക്ഷനുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.</u>

1. 2025 ഡിസംബർ 21 നാണ് അതിരൂപത കേന്ദ്രസമിതി തിരഞ്ഞെടുപ്പ്.
2. ഓരോ ഫൊറോനയിലെ കേന്ദ്രസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട - കൺവീനർ, ജോ. കൺവീനർമാർ (1 പുരുഷൻ, 1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറിമാർ (1 പുരുഷൻ, 1 സ്ത്രീ), ട്രഷറർ, ഫൊറോന വികാരിയച്ചനുമായി ആലോചിച്ച് ആനിമേറ്ററച്ചൻ തിരഞ്ഞെടുക്കപ്പെടാത്ത ഇടവകകളിൽ നിന്നുള്ള കേന്ദ്രസമിതി ഭാരവാഹികളിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന 2 പേർ ഉൾക്കൊള്ളുന്നതും (9 പേർ), അതിരൂപത അദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്നവരുമാണ് അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി.
3. അതിരൂപത ജനറൽബോഡിയിൽ നിന്നാണ് അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയിലേക്ക് താഴെ പറയുന്ന സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്നത്. കൺവീനർ, ജോ. കൺവീനർ (1 പുരുഷൻ), ജോ. കൺവീനർ (1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷൻ), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.
4. അതിരൂപത കേന്ദ്രസമിതിയിൽ ഒരു ഫൊറോനയിൽ നിന്ന് ഒന്നിൽ കൂടുതൽ ഭാരവാഹികൾ ഉണ്ടായിരിക്കരുത്.
5. ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർ സിവിൽ നിയമപ്രകാരമുള്ള പ്രായപൂർത്തി ആയിട്ടുള്ളവരായിരിക്കണം.
6. അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയിൽ ഏഴ് ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18-30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.
7. ഭാരവാഹികളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.
8. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായി ഭാരവാഹിയായി തുടരാൻ അനുവാദമില്ല. മറ്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിൽ തടസ്സമില്ല.
9. അതിരൂപത ഡയറക്ടർ അതിരൂപത അദ്ധ്യക്ഷനുമായി (അതിരൂപത കുടുംബകൂട്ടായ്മ പ്രസിഡണ്ട്) ആലോചിച്ച് അതിരൂപത കുടുംബകൂട്ടായ്മ ജനറൽ ബോഡിയിൽ നിന്ന് പ്രതിനിധികൾ ഇല്ലാത്ത ഫൊറോനകളിൽനിന്നായി 3 പേരെ അതിരൂപത കേന്ദ്രസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യുന്നതാണ്.

10. അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പിൽ 16 ഫൊറോനയിലെ 9 പേരടങ്ങുന്ന ഭാരവാഹികളും അഭിവന്ദ്യ പിതാവ് നാമനിർദേശം ചെയ്യുന്ന അംഗങ്ങളുമാണ് പങ്കെടുക്കേണ്ടത്.

**ഉണർവ് – 2025**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് – 2025 ചേലക്കര, മുക്കാട്ടുക്കര, ചേരുംകുഴി, പുലക്കാട്ടുക്കര, പൊങ്ങണംകാട് എന്നീ ഇടവകകളിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും, കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഉണർവ്വ്– 2025 എന്ന ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും പുതിയ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 8281064381.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**മാതൃവേദി ക്രിസ്തുമസ് ആഘോഷം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷം ഡിസംബർ 16 –ാം തിയ്യതി ചൊവ്വാഴ്ച്ച 9.30 മുതൽ 12.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. വിവിധ ഫൊറോന മാതൃവേദി അംഗങ്ങളാണ് ആഘോഷങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്.

**മാതൃവേദി കരോൾഗാന മത്സരം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദി അംഗങ്ങൾക്കായി ക്രസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി കരോൾഗാന മത്സരം അതി

രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഡിസംബർ 16 ചൊവ്വ 1.30 മുതൽ 4.00 വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

<u>നിബന്ധനകൾ</u>

1. മത്സരം മാതൃവേദി അംഗങ്ങൾക്ക് മാത്രമായിരിക്കും.
2. ഫൊറോന തലത്തിൽ നവംബർ/ഡിസംബർ മാസങ്ങളിലും അതിരൂപത തലത്തിൽ ഡിസംബർ 16-ാം തിയ്യതി ഉച്ചകഴിഞ്ഞ് 1.30 ന് ആയിരിക്കും മത്സരം നടത്തുക.
3. അതിരൂപത, ഫൊറോനതല ഭാരവാഹികൾ മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
4. ഇടവകയിൽ നിന്ന് ഒരു ടീം ഫൊറോന തലത്തിൽ മത്സരിച്ച് അതിൽ വിജയികളാകുന്ന ടീം ആയിരിക്കണം അതിരൂപ താതലത്തിൽ ഫൊറോനയെ പ്രതിനിധീകരിക്കേണ്ടത്.
5. കരോൾഗാന മത്സരത്തിന്റെ ദൈർഘ്യം 7 മിനിറ്റാണ്. 6 മിനിറ്റ് കഴിയുമ്പോൾ വാണിംഗ് ബെൽ അടിക്കുന്നതായിരിക്കും.
6. സോങ് എഫക്റ്റ്, കരോക്കെ, സംഗീത ഉപകരണങ്ങൾ എന്നിവ യോ മ്യൂസിക് ആപ്പുകളോ ഉപയോഗിക്കാൻ പാടുള്ളതല്ല. മത്സര ത്തിന് മൈക്ക് ഉണ്ടായിരിക്കുന്നതല്ല.
7. ഒരു ടീമിൽ 5 മുതൽ 7 വരെ അംഗങ്ങൾക്ക് പങ്കെടുക്കാവു ന്നതാണ്.
8. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

# കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഇൻ ഇന്ത്യ

**ക്രിസ്തുമസ് ആഘോഷവും അംഗങ്ങളുടെ സംഗമവും**

സി.സി.ഡബ്ലിയു.ഐ അംഗങ്ങളുടെ നേതൃത്വത്തിൽ വച്ച് ക്രിസ്തുമസ് ആഘോഷവും അംഗങ്ങളുടെ സംഗമവും ഡിസംബർ 13-ാം തിയ്യതി ശനിയാഴ്ച്ച 3.00 ന് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. സി.സി.ഡബ്ലിയു.ഐ അംഗങ്ങളെ എല്ലാവരേയും ക്രിസ്തുമസ് ആഘോഷത്തിലേക്കും സംഗമത്തിലേക്കും ഏവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
പ്രസിഡന്റ്

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**സ്നേഹപൂർവ്വം പദ്ധതിയിലേക്ക് വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന സ്നേഹപൂർവം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരുമോ മരണമടഞ്ഞതും നിർദ്ധനരായവരുമായ കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവം. ബിരുദം/പ്രൊഫഷണൽ ബിരുദം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം ലഭിക്കുക. 2025-26 അദ്ധ്യയന വർഷത്തെ അപേക്ഷകൾ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. സ്ഥാപന മേധാവികൾ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള ഗുണഭോക്താക്കളും പുതിയ അപേക്ഷകരും അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന അപേക്ഷകൾ ഓൺലൈനായി അപ്ലോഡ് ചെയ്യണം.

ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 31.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

ഫാമിലി അപോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005

ഫോൺ : 7902713325, 7909293325

ഇമെയിൽ : info@afctcr.com

വെബ്സൈറ്റ് : www.afctcr.com

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

## LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഡിസംബർ – 12,13,14 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രം, നെടുപുഴയിൽ വച്ച് സംഘടിപ്പിക്കുന്നു. ഡിസംബർ 12 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 14 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ഡിസംബർ 13-ാം തിയ്യതി സെന്റ് മേരീസ് മൈനർ സെമിനാരി, കാച്ചേരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി. ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF HOLY FAMILY EVE 2024**

ലോഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 28-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് വൈകീട്ട് 6 മണി മുതൽ 9 മണി വരെ തിരുകുടുംബ ദിനാഘോഷം സംഘടിപ്പിക്കുന്നു. എല്ലാ കുടുംബങ്ങളേയും സ്വാഗതം ചെയ്യുന്നു.

**ലോഫ് മീഡിയ മിനിസ്ട്രി പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ**

'ഈശോയുടെ സ്വന്തം ബാജു' - സഹനങ്ങളെ സ്വർഗീയ നിക്ഷേപമാക്കിയ കുടുംബ നാഥൻ നീലീശ്വരം സ്വദേശി ബാജുവിന്റെ ജീവിത സാക്ഷ്യം. വില : 225 രൂപ. സ്പെഷ്യൽ ഡിസ്കൗണ്ടട് വില : 200 രൂപ. ബൾക്ക് ഓർഡറുകൾക്ക് (10 കോപ്പികൾ എങ്കിലും) - 150 രൂപ മാത്രം.

കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക: ലോഫ് ഓഫീസ് നമ്പർ: 8921049153

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഡോ. ജോണി തോമസ്**
**& ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഡിസംബർ 1 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമന കൂട്ടായ്മ**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം പങ്കെടുക്കുന്ന ഗർഭിണികളുടെ സംഗമം ഡിസംബർ 7-ാം തിയ്യതി ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 12.30 വരെ ഫാമിലി

അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ഡിസംബർ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ഡിസംബർ 14-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.30 മുതൽ 6.30 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**പ്രോലൈഫ് ജൂബിലി വർഷ സമാപനവും വലിയ കുടുംബങ്ങളുടെ സംഗമവും - ല്ഹയിം മീറ്റ് 2025**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപതയിലെ 2000 നുശേഷം വിവാഹിതരായി 4 ഉം അതിൽ കൂടുതൽ മക്കളുള്ള ദമ്പതികളുടെ സംഗമം ഡിസംബർ 21-ാം തിയ്യതി ഞായറാഴ്ച്ച തൃശ്ശൂർ പുത്തൻപള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 2.00 മുതൽ 6.00 വരെയാണ് സംഘടിപ്പിച്ചിരിക്കുന്നത്. ഈ സംഗമത്തിലേക്ക് നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളെ പറഞ്ഞയക്കുമല്ലോ. വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

THRISSUR Kalasadan

## കലാസദൻ

**നാടകരചന മത്സരവിജയികൾക്ക് സമ്മാനം നൽകി**

തൃശൂർ കലാസദൻ തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് പള്ളിയുമായി സഹകരിച്ച് നടത്തിയ അഖില കേരള ലഘുനാടക രചനാ മത്സരത്തിൽ ഫാ. അജിൽ മാങ്ങൻ, അസി. വികാരി മരത്താക്കര (സത്യശില്പികളുടെ രക്തചരിതം) സാബു തോമസ് തേക്കാനത്ത്

മലയാറ്റൂർ (അനന്തരം സാവൂൾ വാളെടുത്തു) എന്നിവർ ഒന്നും രണ്ടും സ്ഥാനത്തിന് അർഹരായി. എം. ഷാജി കാവുംപുറത്ത്, (കോഴിക്കോട്), ഉണ്ണികൃഷ്ണൻ അരിക്കത്ത് വരടിയം (തൃശൂർ), ഡോ. നിർമ്മല ഡെന്നീസ് (അമല ഹോസ്പിറ്റൽ), അഗസ്റ്റിൻ ചെങ്ങമനാട് (എറണാകുളം), സി പി. ആന്റോ (തൈക്കാട്ടുശ്ശേരി) എന്നിവർ പ്രോത്സാഹന സമ്മാനങ്ങൾക്ക് അർഹരായി. ക്യാഷ് പ്രൈസുകളും സർട്ടിഫിക്കറ്റുകളും സെന്റ് പോൾസ് പള്ളി സുവർണ്ണ ജൂബിലി സമാപന സമ്മേളനത്തിൽ വെച്ച് മാർ ആൻഡ്രൂസ് താഴത്ത്, ഔസേപ്പച്ചൻ എന്നിവർ സമ്മാനിച്ചു. കലാസദൻ സെക്രട്ടറി ഫാ. ജിയോ തെക്കിനിയത്ത്, പി.ആർ.ഒ. ബേബി മൂക്കൻ, വികാരി ഫാ. ജോസ് പൂന്നോലിപറമ്പിൽ, ഇ.ടി. നീലകണ്ഠൻ മൂസ്, സി. പി. പോളി, ഫാ. ഫ്ളർജിൻ തയ്യാലക്കൽ എന്നിവർ പ്രസംഗിച്ചു. മന്ത്രി കെ രാജൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജൂബിലി കൺവീനർ ഫ്രാൻസിസ് മുത്തിപ്പീടിക ജൂബിലി അവലോകനം നടത്തി.

| | |
|---|---|
| **ഫാ. ജിയോ തെക്കിനിയത്ത്** | **ബേബി മൂക്കൻ** |
| സെക്രട്ടറി | പി.ആർ.ഒ. |

# ചിൽഡ്രൻസ് മിനിസ്ട്രി

**തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി.**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി സംഘടനകളുടെ വാർഷിക റിപ്പോർട്ടും മിഷൻ കളക്ഷൻ കവറുകളും ജീസസ്സ് ബെർത്ത്ഡേ പാർട്ടി സംഭാവന കൂപ്പണും റോസറി കളക്ഷനും പ്രയർഫ്രണ്ട് കളക്ഷൻ കവറും ഇതിനകം എല്ലാവർക്കും ലഭിച്ചു കാണും എന്ന് വിശ്വസിക്കുന്നു. ഇവയെല്ലാം 31 ഡിസംബർ 2025 ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**അതിരൂപതാതല കലോത്സവം 2025**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി കലോൽസവം 2025 ഒക്ടോബർ 20 ന് കുരിയച്ചിറ സെന്റ്. ജോസഫ് മോഡൽ ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് സംഘടിപ്പിച്ചു. 16 ഫൊറോനകളിൽ നിന്നും ആയിരത്തിലധികം കുട്ടികൾ ഇതിൽ പങ്കുചേർന്നു.

സെന്റ് ജോസഫ് മോഡൽ സ്കൂൾ കുരിയച്ചിറ മാനേജർ റവ. ഫാ. ഇഗ്നേഷ്യസ് നന്തിക്കര കലോത്സവം ഉദ്ഘാടനം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. പോൾ മുട്ടത്ത്, കോർഡിനേറ്റർ, റവ. സി. ജീജ എസ്. എസ്.പി.സി. അതിരൂപത ആനിമേറ്റേഴ്സ്, ലീഡേഴ്സ്, ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ 2025 ജനുവരി 18 ഞായറാഴ്ച്ച ഡി. ബി.സി.എൽ.സിയിൽ വെച്ച് നല്കുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ഒഴികെ A ഗ്രേഡ് ലഭിച്ചവർക്കുള്ള സർട്ടിഫിക്കറ്റുകൾ ഡിസംബർ മാസം മുതൽ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**Parish Level Winners**

<u>Overall Top Scorers</u>

First: Lourdes Metropolitan Cathedral, Thrissur (129 Points)
Second: Our Lady of Mount Carmel Church, Mundur (97 Points)
Third : St. Mary's Nativity Church, Kandassankadavu (67 Points)

<u>Holy Childhood</u>

First: Lourdes Metropolitan Cathedral, Thrissur (80 Points)
Second: Our Lady of Mount Carmel Church, Mundur (66 Points)
Third : St. Mary's Nativity Church, Kandassankadavu (52 Points)

<u>Altar Boys Association</u>

First : St Francis Xavier Forane Chruch, Pattikkad (27 Points)
Second : Arogyamatha Church, Karumathra (22 Points)
Third : St Antony's Chruch, Puthenpeedika (21 Points)

<u>Junior CLC</u>

First: Lourdes Metropolitan Cathedral, Thrissur (41 Points)
Second: Kanikkamatha Church, Panamuck (23 Points)
Third: Our Lady of Mount Carmel Church, Mundur (20 Points)

**സ്കൂൾ തിരുബാലസഖ്യം കലാമത്സരങ്ങൾ 2025**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായി നവംബർ 8-ാം തിയ്യതി കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് സ്കൂൾ കലോത്സവം സംഘടിപ്പിച്ചു. റവ. ഫാ. ഫിജോ ആലപ്പാടൻ കലോത്സവം ഉദ്ഘാടനം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. പോൾ മുട്ടത്ത്, കോർഡിനേറ്റർ റവ. സി. ജീജ എസ്. എസ്.പി. സി., അതിരൂപത ആനിമേറ്റേഴ്സ്, ഭാരവാ

ഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. 36 സ്കൂളുക ളിൽ നിന്നുമായി 700 ൽ പരം കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. സഹകരിച്ച ഏവർക്കും നന്ദി. മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ 2025 ജനുവരി 18 ഞായറാഴ്ച്ച ഡി. ബി.സി.എൽ.സിയിൽവെച്ച് നല്കുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ഒഴികെ A ഗ്രേഡ് ലഭിച്ചവർക്കുള്ള സർട്ടിഫിക്കറ്റുകൾ ഡിസംബർ മാസം മുതൽ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

<u>ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ സ്കൂളുകൾ</u>

1. Nirmal Jyothi Central School, Mundur (119 Points)
2. St. Paul Public School, Kuriachira (90Points)
3. Sacred heart Convent Nursery, Thrissur (23Points)

<u>Sub Junior Section</u>

1. St. Mary's CBPS, Kottekkad (32Points)
2. St. Paul's Public school, Kuriachira (26Points)
3. Sacred Heart Convent Nursery, Thrissur (23Points)

<u>Junior Section</u>

1. St. Mary's CLPS, Ollur (44Points)
2. Sacred Heart CLPS, Thrissur (42Points)
3. Nirmal Jyothi Central School, Mundur (41Points)

<u>Senior Section</u>

1. Nirmal Jyothi Central School, Mundur (57 Points)
2. St. Paul Public school, Kuriachira (41 Points)
3. St. Teresa's UPS, Manalur (34Points)

**FORANE LEVEL SAINTS QUIZ 2025**

ഇടവകതലത്തിൽ സംഘടിപ്പിച്ച Saints Quiz 2025 ഭംഗിയായി പൂർത്തിയായതിൽ ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. 2500ൽ അധികം കുട്ടികൾ ഇടവകതലത്തിൽ പങ്കെ ടുത്തത് ഏറെ പ്രശംസനീയവും ഉത്സാഹകരവുമാണ്. പങ്കെടുത്ത എല്ലാ കുട്ടികൾക്കും, അവരെ ഒരുക്കിയ അധ്യാപകർക്കും, ആനി മേറ്റർമാർക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ അഭിനന്ദനങ്ങളും അനുഗ്രഹങ്ങളും നേരുന്നു. ഇടവകതലത്തിൽ വിജയിച്ച എല്ലാ കുട്ടികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു. മുൻപ് അറിയിച്ചതുപോലെ, ഫൊറോനതല Saints Quiz 2025 ഡിസംബർ 7, 2025 (ഞായർ) നാണ് നടത്തപ്പെടുക.

*പാഠഭാഗങ്ങളുടെവിഭജനം*

- 40% ചോദ്യങ്ങൾ ചിൽഡ്രൻസ് മിനിസ്ട്രി പ്രസിദ്ധീകരിച്ച Saints Quiz 2025 പഠനസഹായിയിൽ നിന്നും.
- 30% ചോദ്യങ്ങൾ കത്തോലിക്കഭ പത്രത്തിൽ (2025 ജനുവരി– ഒക്ടോബർ)
- പ്രസിദ്ധീകരിച്ച ഒൻപത് വിശുദ്ധരുടെ ജീവചരിത്രങ്ങളെ ആസ്പ ദമാക്കി തയ്യാറാക്കിയ പി.ഡി.എഫ് രൂപത്തിലുള്ള പുസ്തകത്തിൽ നിന്നും. ('ഉറങ്ങുന്ന വി. യൗസേപ്പിതാവ്' വിഷയഭാഗം ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.) ഫൊറോന ക്വിസിന് തയ്യാറാകു ന്നവർ നിർബന്ധമായും ഇത് വായിക്കേണ്ടതാണ്.
- 30% ചോദ്യങ്ങൾ 2025 ആഗസ്റ്റ് 1 മുതൽ ചിൽഡ്രൻസ് മിനിസ്ട്രി Instagram പേജിലും മീഡിയ കത്തോലിക്ക YouTube ചാനലിലും പ്രസിദ്ധീകരിച്ച അച്ചാഡൗട്ട് വീഡിയോ ശ്രേണിയിലെ Day 1 മുതൽ Day 25 വരെയുള്ള (വചനം സംബന്ധിച്ചതൊഴികെ) റീൽ സിൽ നിന്നുമാകും.
- ഇടവകതലത്തിൽ വിജയിച്ച കുട്ടികളുടെ പേരുകൾ ഇടവകയുടെ ഔദ്യോഗിക ലെറ്റർ പാഡിൽ രേഖപ്പെടുത്തി വികാരിയച്ചന്റെ ഒപ്പോടുകൂടി ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രൊമോട്ടർ അച്ചന് എത്രയും വേഗം സമർപ്പിക്കുക. എല്ലാകുട്ടികൾക്കും പങ്കാളിത്തത്തിനും പഠനത്തിനും വിജയത്തിനും ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

<u>അതിരൂപതാതലം:</u> ചിൽഡ്രൻസ് മിനിസ്ട്രി, അതിരൂപത ഡയറ ക്ടറിന്റെ നേതൃത്വത്തിൽ (2026 ജനുവരി 4 ഞായർ, സമയം 2.00 pm to 4.30 pm). SubJunior (STD V-VII), Junior (STD VIII- X), Senior (STD XI-ACC) എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് Saints' Quiz 2025 ഈ വർഷം നടത്തുന്നത്.

ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളെചേർത്ത് 3 പേർ മാത്രമടങ്ങുന്ന ഒരു ടീമായിരിക്കും ഫൊറോനതലത്തിൽ മത്സരിക്കേണ്ടത്. ഓരോ ഫൊറോനയിലും ഒന്നാംസ്ഥാനത്തിന് അർഹമായ ഒരു ടീമായിരിക്കും അതിരൂപ താതലത്തിൽ മത്സരിക്കേണ്ടത്. ഇടവകതലത്തിലും ഫൊറോന തലത്തിലും എഴുത്ത് പരീക്ഷയായും അതിരൂപതാതലത്തിൽ എഴുത്ത്, ഓഡിയോ, വിഷ്വൽ എന്നീ രീതികളിലുമായിരിക്കും മത്സരം നടത്തപ്പെടുക.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

<u>തിരുവചനം:</u> ''അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം

ദൈവമായ കർത്താവ് അവന് കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ല.'' (ലൂക്കാ 1: 32-33)

<u>സുകൃതജപം:</u> എന്റെ ഈശോയെ എന്റെ ഹൃദയത്തെ അങ്ങേക്ക് ഇഷ്ടമുള്ളതാക്കേണമേ!

<u>പ്രാർത്ഥനാനിയോഗം:</u> യുദ്ധത്തിന്റെ കെടുതികൾ നീങ്ങി, ലോകത്ത് സമാധാനം പുലരാനായി നമുക്ക് പ്രാർത്ഥിക്കാം.

<u>പരിചയപ്പെടുന്ന വിശുദ്ധൻ:</u> 'സ്നേഹത്തിന്റെ ശ്ലീഹ' എന്നറിയപ്പെടുന്ന വി. യോഹന്നാനെയാണ് ഈ മാസം നമ്മൾ പരിചയപ്പെടാൻ പോകുന്നത്. ബെദ്സയിദയിലെ സെബെദിയുടെയും സലോമിയുടെയും ഇളയമകനായി വിശുദ്ധ യോഹന്നാൻ ശ്ലീഹ AD 6 ന് ആണ് ജനിച്ചത്. സഹോദരൻ യാക്കോബിനൊപ്പം സ്നാപകയോഹന്നാന്റെ ശിഷ്യനായി തുടക്കം കുറിച്ച അദ്ദേഹം പിന്നീട് ഈശോയെ അനുഗമിച്ച് അവിടുത്തെ പ്രിയശിഷ്യനായി മാറി. അന്ത്യഅത്താഴവേളയിൽ ഈശോയുടെ മാറിൽ ചാരിയിരുന്നതും അദ്ദേഹത്തിന്റെ അടുപ്പത്തിന്റെ അടയാളമായിരുന്നു.

ഈശോയുടെ ജീവിതത്തിലെ പല പ്രധാനഘട്ടങ്ങളിലും യോഹന്നാൻ സന്നിഹിതനായിരുന്നു രൂപാന്തരീകരണസമയത്തും ജായ്റോസിന്റെ പുത്രിയെ ഉയിർപ്പിക്കുന്ന സമയത്തും ഗദ്സമെനിലെയിലെ വേദനാഭരിതമായ പ്രാർത്ഥനയിലുമെല്ലാം വി. യോഹന്നാൻ കൂടെയുണ്ടായിരുന്നു. ക്രൂശിനരികിൽ നിന്ന വി. യോഹന്നാനെയാണ് ഈശോ തന്റെ അമ്മയെ ഏൽപ്പിച്ചത്. അത്രയധികം വിശ്വാസവും സ്നേഹബന്ധവുമായിരുന്നു ഈശോയ്ക്കും യോഹന്നാനുമിടയിൽ. AD 52 വരെ യോഹന്നാൻ ജെറുസലേമിൽതന്നെ പ്രവർത്തിച്ചു; പിന്നീട് എഫേസൂസിലേക്കുപോയി അവിടെ വെച്ച് മരണപ്പെട്ടതെന്നാണ് പാരമ്പര്യം. 95ൽ പാത്മോസിൽ വിപ്രവാസത്തിലായിരിക്കെ അദ്ദേഹം വെളിപാട് ഗ്രന്ഥം രചിച്ചു. തെർത്തുല്യന്റെ എഴുത്തനുസരിച്ച്, ഡോമീഷ്യൻ ചക്രവർത്തിയുടെ ആജ്ഞപ്രകാരം യോഹന്നാനെ തിളച്ച എണ്ണയിൽ ഇട്ടെങ്കിലും അത്ഭുതകരമായി ദൈവകൃപയാൽ അദ്ദേഹം സംരക്ഷിക്കപ്പെട്ടു.

യോഹന്നാൻ രചിച്ച സുവിശേഷം, മൂന്നുലേഖനങ്ങൾ, വെളിപ്പാട് ഇവ ക്രിസ്തീയ വിശ്വാസത്തിന്റെ ആഴം വെളിവാക്കുന്ന രചനകളാണ്. യോഹന്നാൻ സുവിശേഷം ഈശോയുടെ ദൈവത്വം വ്യക്തമാക്കാനാണ് എഴുതിയതെന്ന് അദ്ദേഹം തന്നെയാണ് പറഞ്ഞത് (യോഹ. 20:31). അതുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രതീകം ആകാശത്തേക്ക് പറക്കുന്ന കഴുകൻ, ആത്മീയ ഉയർച്ചയും ദൈവത്വത്തിന്റെ ആഴവുമാണ് സൂചിപ്പിക്കുന്നത്.

യോഹന്നാനു യാക്കോബും ഇടിനാദത്തിന്റെ പുത്രന്മാർ എന്നാണ് അറിയപ്പെട്ടിരുന്നത്. ജീവിതത്തിന്റെ വാർദ്ധക്യത്തിലേയ്ക്കെത്തിയപ്പോൾ യോഹന്നാൻ തന്റെ ശിഷ്യന്മാരോട് ഒരേയൊരു സന്ദേശം ആവർ ത്തിച്ചുകൊണ്ടിരുന്നു: 'കുഞ്ഞുമക്കളെ, നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ.' അദ്ദേഹത്തിന്റെ ഉപദേശങ്ങൾ മുഴുവൻ സ്നേഹത്തിന്റെ മൂല്യത്തിൽ ആഴപ്പെട്ടവയാണ്. അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു. ''ദൃശ്യനായ സഹോദരനെ സ്നേഹിക്കാത്തവന് അദൃശ്യനായ ദൈവത്തെ സ്നേഹിക്കാൻ കഴിയില്ല.'' (1 യോഹ. 4:20). ഇങ്ങനെ, ദൈവസ്നേഹത്തെയും മനുഷ്യസ്നേഹത്തെയും ഒരുമിച്ച് നയിച്ച വിശുദ്ധ യോഹന്നാൻ, ക്രിസ്തുവിന്റെ ഹൃദയത്തിലേക്ക് നമ്മെ നയിക്കുന്ന സുവിശേഷകനായി സഭയാൽ ആദരിക്കപ്പെടുന്നു.

<u>പ്രവർത്തനം:</u> അനാഥാലയത്തിലോ വൃദ്ധസദനത്തിലോ പോയി അവിടുത്തെ അന്തേവാസികളോട് സമയം ചെലവഴിക്കുക.

**ഫാ. പോൾ മുട്ടത്ത്**
ഡയറക്ടർ

**സി. ജീജ SSPC**
കോർഡിനേറ്റർ

# മദ്യവിരുദ്ധസമിതി

### 1. എക്സിക്യൂട്ടീവ് മീറ്റിംഗ്

കെ.സി.ബി.സി. മദ്യ- ലഹരിവിരുദ്ധ സമിതി, തൃശൂർ അതിരൂപത തൃശൂർ പാസ്റ്ററൽ സെന്ററിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് സംഘടിപ്പിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായ യോഗത്തിന് ഉദ്ഘാടകനായത് അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. സമിതി സംഘടിപ്പിച്ച 28-ാമത് അതിരൂപത വാർഷികത്തിന്റെ അവലോകനം യോഗത്തിൽ നടന്നു.

അഭിവന്ദ്യ മാർ തൂങ്കുഴി പിതാവിന്റെ സ്മരണാർത്ഥം സമിതി ഈ വർഷം തയ്യാറാക്കുന്ന സ്മരണികയ്ക്ക് 'പ്രണാമം' എന്ന പേര് നൽകുന്നതിന് തീരുമാനിച്ചു. നിലവിലുള്ള ഭരണസമിതിയുടെ കാലാവധി പൂർത്തിയാകുന്നതിനാൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് യൂണിറ്റ് തലത്തിലും ഫൊറോന തലത്തിലും തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അറിയിപ്പ് തപാൽ മാർഗ്ഗം അയയ്ക്കുന്നതിന് തീരുമാനമായി.

**2. തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അറിയിപ്പ്**

ഇപ്പോൾ നിലവിലുള്ള ഭരണസമിതി 2023 ജനുവരിയിൽ നിലവിൽ വന്നതാണല്ലോ. ഈ സമിതിയുടെ കാലാവധി 2026 ജനുവരിയിൽ അവസാനിക്കുന്നതാണ്. ജനുവരിയിൽ പുതിയ പ്രവർത്തന സമിതി നിലവിൽ വരണം. അതിനായി യൂണിറ്റ് തലത്തിലും ഫൊറോന തലത്തിലും തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണ്. പൊതുവായ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ:-

1. യൂണിറ്റ് തെരഞ്ഞെടുപ്പുകൾ നവംബർ 16-ാം തീയതിയ്ക്കും ഡിസംബർ 14-ാം തീയതിയ്ക്കും ഇടയിൽ നടത്തണം.
2. ഫൊറോന തല തെരഞ്ഞെടുപ്പുകൾ ഡിസംബർ 14-ാം തീയതിയ്ക്കും 2026 ജനുവരി 18-ാം തീയതിയ്ക്കും മദ്ധ്യേയാണ് നടത്തേണ്ടതാണ്.
3. യൂണിറ്റ് തെരഞ്ഞെടുപ്പ് നടത്തുമ്പോൾ ഒരു ഫൊറോന ഭാരവാഹിയുടെയും ഫൊറോന തെരഞ്ഞെടുപ്പ് ഒരു കോർ കമ്മിറ്റി അംഗത്തിന്റെയും സാന്നിധ്യത്തിൽ സംഘടിപ്പിക്കുന്നതാണ് അഭിലഷണീയം.
4. തെരഞ്ഞെടുത്ത ഭാരവാഹികളുടെ പേരും വിലാസവും ഫോൺ നമ്പറോടുകൂടി നിർദ്ദിഷ്ട ഫോമിൽ പൂരിപ്പിക്കണം.
5. യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റിൽ ഇടവക വികാരിയുടെയും ഫൊറോന ഭാരവാഹികളുടെ ലിസ്റ്റിൽ ഫൊറോന പ്രൊമോട്ടറച്ചന്റെയും ഫൊറോന വികാരിയുടെയും ഒപ്പും സീലും ഉണ്ടായിരിക്കണം. അതിരൂപത കാര്യാലയത്തിൽ 2026 ജനുവരി 19-ാം തീയതിക്ക് മുമ്പ് സമർപ്പിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.
6. തെരഞ്ഞെടുപ്പിൽ പുതിയ വ്യക്തികൾക്ക് മുൻഗണന കൊടുക്കുവാൻ ശ്രദ്ധിക്കണം.
7. പുതിയ ഭരണസമിതിയിൽ യുവജനങ്ങൾക്കും സ്ത്രീജനങ്ങൾക്കും പ്രാതിനിധ്യം ഉറപ്പുവരുത്തണം.

എല്ലാ ഭാരവാഹികളും ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധയും താല്പര്യവും കാണിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**3. സമുദായ ജാഗ്രതാ സദസ്സ്**

തൃശൂർ സെന്റ് തോമസ് കോളെജ് അങ്കണത്തിൽ നവംബർ 9-ാം തീയതി ഉച്ചതിരിഞ്ഞ് സംഘടിപ്പിച്ച സമുദായ ജാഗ്രതാ സദസ്സിൽ മദ്യ-ലഹരി വിരുദ്ധ സമിതിയുടെ ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരന്റെ നേതൃത്വത്തിൽ കോർകമ്മിറ്റി അംഗങ്ങൾ

പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ കെ.സി.ബി.സി. മദ്യ- ലഹരി വിരുദ്ധ സമിതിയുടെ സ്ഥാപക പിതാവായ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തായുടെ സർക്കുലറിന്റെ (11.09.1997, 1076/97, L-10) ന്റെ 2000 ത്തിലേറെ വരുന്ന കോപ്പികൾ സമിതിയുടെ സംഘാടകർ വിതരണം ചെയ്തു.

| | |
|---|---|
| **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** | **ശ്രീ. ലിന്റോ ഫ്രാൻസിസ്** |
| ഡയറക്ടർ | പി.ആർ.ഒ. |

# ലീജിയൻ ഓഫ് മേരി

തൃശൂർ അതിരൂപത ലീജിയൻ ഓഫ് മേരിയുടെ കമ്മീസിയം മീറ്റിംഗ് അതിരൂപതാ പാസ്റ്ററൽ സെന്ററിലെ കമ്മീസിയം ഓഫീസിൽ വെച്ച് നടന്നു. ബ്ര. സണ്ണി കാട്ടൂക്കാരൻ അദ്ധ്യക്ഷനായിരുന്ന പ്രസ്തുത മീറ്റിംഗിൽ വിവിധ കൂരിയകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. ഡിസംബറിൽ മൂന്നാമത്തെ ഞായറാഴ്ച ലീജിയൻ ഓഫ് മേരി സംഘടനയുടെ വാർഷികം നടത്തുന്നതിനും തീരുമാനിച്ചു. വാർഷികാഘോഷം സെന്റ് മേരീസ് കോളേജിലെ ഓഡിറ്റോറിയത്തിൽ വെച്ച് ഉച്ചക്ക് 1 മണി മുതൽ 5 മണി വരെയുള്ള സമയത്ത് നടത്താനും തീരുമാനിച്ചു. Nov15 ന് സെന്റ് തോമസ്സ് കോളേജിൽ വെച്ച് നടത്തുന്ന അതിരൂപതാതല കലാസാഹിത്യ മത്സരങ്ങളിൽ വിജയികളായവർക്ക് വാർഷിക സമ്മേളനത്തിൽ വെച്ച് സമ്മാനദാനം നടത്താനും തീരുമാനിച്ചു. സംഘടനയിൽ 25, 50 വർഷം 2025ൽ പൂർത്തിയായ അംഗങ്ങളെ മെമന്റോ നൽകി ആദരിക്കാനും തീരുമാനിച്ചു.

| | |
|---|---|
| **ഫാ. ജോൺ മൂലൻ** | **സണ്ണി കാട്ടൂക്കാരൻ** |
| ആധ്യാത്മികോപദേഷ്ടാവ് | പ്രസിഡന്റ് |

# ജീസസ്സ് യൂത്ത്

**പോൾ കോഴ്സ്**

ഫോർമേഷൻ കോഴ്സിലെ രണ്ടാമത്തെ കോഴ്സായ പോൾ കോഴ്സ് തൃശ്ശൂരിൽ കഴിഞ്ഞ ഒക്ടോബർ 2ന് തൃശ്ശൂർ ഫാമിലി അപ്പോസ്തോലേറ്റ് സെന്ററിൽ നടന്നു. ആദ്യത്തെ രണ്ട് സെഷനുകളായ ദൈവ വചനവും, സ്തുതിയുടെയും കൃതജ്ഞതയുടെയും ജീവിതം എന്നിവയാണ് നടത്തപ്പെട്ടത്. രാവിലെ 9.30 ക്ക് തുടങ്ങി വൈകീട്ട് 5.00 മണിക്ക് അവസാനിക്കുന്ന തരത്തിലായിരുന്നു. 44 പേർ കോഴ്സ് പങ്കെടുത്തു. ഫോർമേഷൻ ബേസ് ടീമിന്റെയും, സ്റ്റഡി ഗ്രൂപ്പിന്റെയും, ഫോർമേഷൻ സപ്പോർട്ടിംഗ് ടീമിന്റെയും നേതൃത്യത്തിലാണ് കോഴ്സ് നടത്തപ്പെട്ടത്.

**Teens day**

കൗമാരക്കാരുടെ ആത്മീയ ഉണർവിനായി സംഘടിപ്പിച്ച ടീൻസ് ഡേ 2025 പരിപാടി ‘പരിശുദ്ധാത്മാവിലുള്ള സന്തോഷം’ (Joy in the Holy Spirit) എന്ന മുഖ്യവിഷയത്തിൽ ഊന്നി സെന്റ് വിൻസന്റ് പല്ലോട്ടി സെൻട്രൽ സ്കൂളിൽ വിജയകരമായി സമാപിച്ചു. 2025 ഒക്ടോബർ 2–ന് രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ നീണ്ടുനിന്ന ടീൻസ് ഡേ 205 കൗമാരപ്രായക്കാർക്ക് പുതിയ ആത്മീയ അനുഭവമായി മാറി. പരിശുദ്ധാത്മാവിൽ നിന്ന് ലഭിക്കുന്ന സന്തോഷമാണ് ദൈവരാജ്യത്തിന്റെ അന്തഃസത്ത എന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, റോമ 14:17 (ദൈവരാജ്യം ഭക്ഷണമോ പാനീയമോ അല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്) എന്ന തിരുവചനം ഈ ദിനത്തിന് അടിത്തറയായി.

പരിപാടിയുടെ റിസോഴ്സ് പേഴ്സൺ ആയി എത്തിയ ജാക്ക്, മുഖ്യവിഷയത്തെ ആസ്പദമാക്കി കൗമാരപ്രായക്കാർക്ക് പ്രചോദനം നൽകുന്ന ക്ലാസ്സുകൾ നയിച്ചു. തുടർന്ന് ജസീന തന്റെ ദൈവാനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് യുവജനങ്ങൾക്ക് വലിയ ആത്മീയ ഉൾക്കാഴ്ച നൽകി. 56 വളണ്ടിയർമാരാണ് പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചത്. ആത്മീയ കാര്യങ്ങൾക്ക് നേതൃത്വം നൽകിയത് ഫാ. ആൽവിൻ സിയന്ന (ജനറൽ കോർഡിനേറ്റർ), അമൽ (ടീൻസ് കോർഡിനേറ്റർ), മറ്റു ടീം അംഗങ്ങൾ പ്രോഗ്രാമിന് നേതൃത്വം നൽകി. ഡിബി (എൽഡർ) പരിപാടികൾക്ക്

മാർഗ്ഗനിർദ്ദേശം നൽകി. കേരള ടീൻസ് പ്രതിനിധിയായി അഖിൽ, അജയ്, അതുപോലെ ജീസസ് യൂത്ത് തൃശൂർ സോണൽ കോർഡിനേറ്റർ ആൽവിൻ സന്നിഹിതനായിരുന്നു. വിവിധങ്ങളായ കളികളിലൂടെയും, സംഗീതത്തിലൂടെയും, ആത്മീയ ചർച്ചകളിലൂടെയും, ദിവ്യകാരുണ്യ ആരാധനയും പങ്കെടുത്ത എല്ലാവർക്കും ആത്മീയമായിവളരാനും പരിശുദ്ധാത്മാവിന്റെ സന്തോഷം അനുഭവിക്കാനുംപ്രചോദനമായി.

**എൽഡേഴസ് മീറ്റിംഗ്**

സോണൽ മിനിസ്ട്രി പ്രവർത്തനങ്ങളുടെ ഭാവി ദിശ, പുതിയ ദൗത്യങ്ങൾ, പ്രവർത്തന തന്ത്രങ്ങൾ എന്നിവ ചർച്ച ചെയ്യുന്നതിനായി 2025 നവംബർ 9-ന് വൈകുന്നേരം 5 മണിക്ക് പാസ്റ്ററൽ സെന്ററിൽ വെച്ച് എല്ലാ സബ്സോൺ മിനിസ്ട്രി എൽഡേഴ്സിന്റെ പ്രത്യേക യോഗം നടന്നു. മൂവ്മെന്റിന്റെ വളർച്ചയ്ക്ക് ഒരു പുതിയ ഊന്നൽ നൽകുക എന്നതായിരുന്നു യോഗത്തിന്റെ പ്രാഥമിക ലക്ഷ്യം. വരാനിരിക്കുന്ന വർഷങ്ങളിൽ സോൺ കടന്നുപോകേണ്ട പാതയെക്കുറിച്ചും, കൂടുതൽ ഫലപ്രദമായ രീതികളെക്കുറിച്ചും എൽഡേഴ്സിന് വ്യക്തമായ ദിശാബോധം നൽകി. എൽഡേഴ്സ് ഉത്തരവാദിത്വം വഹിക്കുന്ന സബ്സോൺ മിനിസ്ട്രി ടീമുകളുടെ നിലവിലെ പ്രവർത്തന സാഹചര്യങ്ങൾ, വെല്ലുവിളികൾ, പിന്തുണ ആവശ്യമായ മേഖലകൾ എന്നിവയെക്കുറിച്ച് വിലയിരുത്തലുണ്ടായി. അടുത്ത ഒരു വർഷത്തേക്കുള്ള സോണൽ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ, മുൻഗണന നൽകേണ്ട മേഖലകൾ, വളർച്ചാ തന്ത്രങ്ങൾ എന്നിവ ചർച്ചാ വിഷയമായി. പ്രാർത്ഥനാ മീറ്റിംഗുകളുടെ കാര്യക്ഷ മതയും പങ്കാളിത്തവും വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. 7:30 ന് മീറ്റിംഗ് അവസാനിച്ചു.

**ജാഗോ യാത്ര**

2025 ഡിസംബറിൽ നടക്കാനിരിക്കുന്ന ദേശീയ യുവജന സമ്മേളനമായ (National Conference) ജാഗോ 2025-ന് മുന്നോടിയായുള്ള ആത്മീയ മുന്നൊരുക്കങ്ങൾക്ക് ശക്തി പകർന്ന്, തൃശ്ശൂർ സോണിൽ ദിവ്യകാരുണ്യ യാത്ര പൂർത്തിയായി.

രാജ്യത്തുടനീളം കുരിശാകൃതിയിൽ (Cross-shaped Intercession) നടത്തുന്ന ജാഗോ ഇന്റർ സെഷന്റെ ഭാഗമായാണ് ഈ ദിവ്യകാരുണ്യയാത്ര തൃശ്ശൂർ സോണിന്റെ എല്ലാ അതിർത്തികളിലും നടത്തിയത്. 'ജാഗോ യാത്ര' എന്ന് നാമകരണം ചെയ്ത ഈ യാത്ര തൃശ്ശൂർ സോണിന് വലിയ ആത്മീയ ഉണർവ് നൽകി. തൃശ്ശൂർ

സോണിന്റെ ഓരോ അതിർത്തികളും ദിവ്യകാരുണ്യ ഈശോയുടെ സാന്നിധ്യത്താൽ അനുഗ്രഹീതമായി. സോണിലെ എല്ലാ യൂത്ത് അംഗങ്ങൾക്കും ഈശോയുടെ അനുഗ്രഹം നേരിട്ട് സ്വീകരിക്കാൻ ഈ യാത്ര അവസരം നൽകി.

ഈ യാത്ര ഭംഗിയായി ക്രമീകരിക്കുന്നതിൽ ജീസസ്സ് യൂത്ത് അസിസ്റ്റന്റ് ഡയറക്ടറുമായ ബിജോയ് അച്ചന്റെ സാന്നിധ്യവും പിന്തുണയും ആത്മീയ അടിത്തറ ഉറപ്പിച്ചു. ജനറൽ കോർഡിനേറ്റർ ജോയൽ പാലയൂർ കാര്യങ്ങൾ കൃത്യസമ യത്തും ചിട്ടയോടെയും ഏകോപിപ്പിച്ചു. സോണൽ കോർഡിനേറ്റർ ആൽവിൻ എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകി. കൃത്യസമയത്ത് എല്ലാ കാര്യങ്ങളും ഭംഗിയായി ക്രമീകരിച്ച്. 2025 ഡിസംബറിലെ ദേശീയ സമ്മേളനത്തിനായി ആത്മീയമായി തയ്യാറെടുക്കാൻ ഈ ഇന്റർസെഷൻ യാത്ര യുവജനങ്ങൾക്ക് പ്രചോദനമായി.

**കോർഡിനേറ്റർസ് ഗാദറിംഗ്**

തൃശ്ശൂർ സോണിന്റെ സബ്സോൺ മിനിസ്ട്രി കോർഡിനേറ്റർസ് ഗാദറിംഗ് 2025 ഒക്ടോബർ 11 വൈകിട്ട് 7 മണിക്ക് ആരംഭിച്ച് ഒക്ടോബർ 12 വൈകിട്ട് 4 മണി വരെ ഗലീലി റിട്രീറ്റ് സെന്റർ, ചിയ്യാരത്ത് വച്ച് നടന്നു. ഏകദേശം 20-ഓളം കോർഡിനേറ്റർമാർ യോഗത്തിൽ പങ്കെടുത്തു.

മിനിസ്ട്രിയിലെ അനുഭവങ്ങൾ തുറന്ന് സംസാരിക്കുന്നതിനും, പരസ്പരം പിന്തുണ നൽകുന്നതിനും കോർഡിനേറ്റർമാർക്ക് അവസരം നൽകി. സോണിന്റെ വരാനിരിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള ചർച്ചകൾക്ക് ശേഷം, പ്രാർത്ഥനാ ഗ്രൂപ്പുകളുടെ നിലവിലെ സാഹചര്യങ്ങളെക്കുറിച്ചും അവ എങ്ങനെ കൂടുതൽ സജീവമാക്കാം, വളർത്തിയെടുക്കാം എന്നതിനെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു. ജാഗോ കോൺഫറൻസിന്റെ ലക്ഷ്യങ്ങൾ, സോണൽ തലത്തിലുള്ള പങ്കാളിത്തം, മുന്നൊരുക്കങ്ങൾ എന്നിവയെക്കുറിച്ച് പ്രധാനപ്പെട്ട ചർച്ച നടന്നു. സോണൽ കോർഡിനേറ്റർ ആൽവിൻ ഡേവിസ്, ജനറൽ കോർഡിനേറ്റർ ആൻ മേരി, ഫ്രെഡി ജെയിംസ്, ഫെറീഷ്, പ്രിൻസി, ജോയൽ എന്നിവരും മറ്റ് കൗൺസിൽ അംഗങ്ങളും സന്നിഹിതരായി.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. ബിജോയ് പൊൻപറമ്പിൽ**
അസി.ഡയറക്ടർ

**ആൽവിൻ ഡേവിസ്**
കോർഡിനേറ്റർ

# കത്തോലിക്ക കോൺഗ്രസ്

2026 സമുദായ ശാക്തികരണവർഷാചരണത്തിന്റെ മുന്നൊരുക്കമായി ഇടവകളിൽ നടത്തുന്ന ജാഗ്രത സദസ്സുകൾ വിജയിപ്പിക്കാൻ പ്രവർത്തിച്ചു വരികയും പുതിയ യൂണിറ്റുകൾ രൂപകരണം നടക്കുകയും ചെയ്യുന്നു.

സെന്റ് തോമസ് ഡേ, ഞായർ ദിവസങ്ങൾ വിദ്യഭ്യാസ വകുപ്പിന്റെ മൂല്യനിർണ്ണയ ക്യാമ്പ് മറ്റ് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനെതിരെ പ്രതിഷേധിച്ചു.

കർഷകരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കർഷക ഫോറത്തിന്റെ നേതൃത്വത്തിൽ തൃശൂർ കൃഷി വകുപ്പ് ആസ്ഥാനത്ത് ധർണ്ണ നടത്തി. സെപ്തംബർ 17 ന് മാർ ജെയ്ക്കബ് തൂങ്കുഴി മെത്രോപ്പാലിത്തായുടെ നിര്യാണത്തിൽ ഗ്ലോബൽ കത്തോലിക്ക കോൺഗ്രസ് പ്രസിഡണ്ട് പ്രൊഫസർ രാജീവ് കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിൽ ഗ്ലോബൽ ഭാരവാഹികളും അതിരൂപത ഭാരവാഹികളും ആദരാഞ്ജലികൾ അർപ്പിച്ചു. ഡയറക്ടർ ഫാ ജിജോ വള്ളൂപ്പാറയുടെ കാർമ്മികത്വത്തിൽ ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

സെപ്തംബർ 21 നിന്ന് നവംബർ 9 ലേക്ക് മാറ്റിവെക്കപ്പെട്ട അതിരൂപത ജാഗ്രത സദസ്സ് വിജയിപ്പിക്കാൻ വേണ്ട പ്രവർത്തനത്തിന് അതിരൂപത വർക്കിംങ്ങ് കമ്മറ്റി പ്രവർത്തിച്ചു. ജാഗ്രത സദസ്സ് വിജയിപ്പിക്കാൻ പ്രവർത്തിച്ച ഏവർക്കും നന്ദി.

ഗ്ലോബൽ പ്രസിഡണ്ട് പ്രൊഫസർ രാജീവ് കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിൽ നടന്ന അവകാശ സംരക്ഷണ ജാഥക്ക് എരുമപ്പെട്ടിയിലും, തൃശൂരിലും ഗംഭീര സ്വീകരണം നൽകി.

ജാഗ്രത സമിതി മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന ഭീമ ഹർജിയുടെ ഒപ്പു ശേഖരണവും പ്രതിജ്ഞയും നടത്തി.

**ഫാ. ജിജോ വള്ളൂപ്പാറ**
ഡയറക്ടർ

**ഡോ. ജോബി തോമസ് കാക്കശ്ശേരി**
പ്രസിഡണ്ട്

# സ്ലം സർവ്വീസ് സെന്റർ

**43-ാം വാർഷിക ജനറൽ ബോഡി നടത്തി**

തൃശൂർ അതിരൂപത സ്ലം സർവീസ് സെന്ററിന്റെ 43-ാം വാർഷിക ജനറൽ ബോഡിയോഗം കുരിയച്ചിറ ഓഫീസ് ഹാളിൽ വികാരി ജനറാൾ മോൺ. ജോസ് കോനിക്കര ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജിയോ ചിരിയങ്കണ്ടത്ത് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ജോയ്പോൾ കെ. വാർഷികറിപ്പോർട്ടും ട്രഷറർ ഫ്രാൻസീസ് കല്ലറക്കൽ വാർഷിക കണക്കും അവതരിപ്പിച്ചു.

**പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു**

തൃശൂർ അതിരൂപത സ്ലം സർവ്വീസ് സെന്ററിന്റെ പുതിയ ഭാരവാഹികളായി ജോയ് പോൾ കെ. (പ്രസിഡണ്ട്), ബേബി മൂക്കൻ (സെക്രട്ടറി), ഫ്രാൻസീസ് കല്ലറക്കൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

മറ്റു ഭാരവാഹികളായി ജോൺസൺ കൊക്കൻ (വൈസ്. പ്രസിഡണ്ട്), ജോസ് കുത്തൂർ, റപ്പായി പാലമറ്റം, ജോസ് ഉക്രാൻ, ആന്റണി കടവി (കമ്മിറ്റി) എന്നിവരെ തെരഞ്ഞെടുത്തു.

**ഫാ. ജിയോ ചിരിയങ്കണ്ടത്ത്**
ഡയറക്ടർ

# 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ ഏഴാമത് യോഗം

**2025 ഡിസംബർ 6 ശനി**

19–ാം പാസ്റ്ററൽ കൗൺസിലിന്റെ ഏഴാമത് യോഗം 2025 ഡിസംബർ 6 ശനി ഉച്ചക്ക് 1:30ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ ചേരുന്നു. പ്രസ്തുത യോഗത്തിൽ അവാർഡ് ജേതാക്കളെ ആദരിക്കുന്നു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങ ളെല്ലാവരും ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

"ഞാൻ എന്റെ പിതാവിന്റെ
പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ
നിങ്ങൾ എന്നെ വിശ്വസിക്കേണ്ടാ.
എന്നാൽ, ഞാൻ അവ
ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നിൽ
വിശ്വസിക്കുന്നില്ലെങ്കിലും ആ
പ്രവൃത്തികളിൽ വിശ്വസിക്കുവിൻ.
അപ്പോൾ, പിതാവ് എന്നിലും ഞാൻ
പിതാവിലും ആണെന്നു നിങ്ങൾ
അറിയുകയും ആ അറിവിൽ
നിലനിൽക്കുകയും
ചെയ്യും"
(യോഹ 10, 37 – 38)



The Holy Family of Jesus, Mary and Joseph
December 28, 2025



2025 നവംബർ 16ന്
ആശീർവദിക്കപ്പെട്ട
മണലൂർ വെസ്റ്റ്
ഇടവക പള്ളിയുടെ
മുഖവാരവും,
മദ്ബഹയും





പങ്ങാരപ്പിള്ളി
ഇടവക പള്ളിയുടെ
നവീകരിച്ച
മുഖവാരം

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.11.2025
**December - 2025**




Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor